മാധ്യമം ● ഞായർ ● 25 ഫെബ്രുവരി 2018 ● ലക്കം 1552

വാരാദ്യ മാധ്യമം

yam@m .in

നിലമ്പൂർ പാലക്കയം ആദിവാസി കോളനി. കാടിനും മലകൾക്കുമിടയിൽ ജീവിക്കുന്നവർ. മുതിർന്നവർക്കുള്ള സാക്ഷരത പദ്ധതികൾ ഇവിടെ വരുത്തിയ മാറ്റം വലുതാണ്. ലോകശ്രദ്ധ നേടിയ മാറ്റം. അവയുടെ തുടർപ്രവർത്തനങ്ങൾ കൊതിക്കുന്നു ഇപ്പോഴുമിവർ

● ചിത്രം: മുസ്തഫ അബൂബക്കർ

കാട് കൊതിക്കുന്ന അക്ഷരങ്ങൾ

പുറംലോകവുമായി ഒരു ബന്ധവുമില്ലാത്ത, ഭക്ഷണം പാകം ചെയ്ത് കഴിക്കാത്ത, അക്ഷരാഭ്യാസമില്ലാത്ത, കണക്കറിയാത്ത ഭൂതകാലം ഇവർക്കുമുണ്ടായിരുന്നു. ഇന്ന് അങ്ങനെയൊന്നുമില്ല. അക്ഷരങ്ങൾ നൽകിയ തിരിച്ചറിവ് ഈ മനുഷ്യരുടെ ജീവിതവും മാറ്റിയെഴുതുകയാണ്; സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായി

അസ്സലാം പി.

വലതുകൈയിൽ വടിയും മറുകൈയിൽ സ്ലേറ്റുമായി മാണിയമ്മ കുന്നിറങ്ങുകയാണ്. മുഴുക്കെ നരച്ച തലമുടി, മെലിഞ്ഞ ശരീരം. താങ്ങായി ഊന്നുവടിയുണ്ടെങ്കിലും നടത്തം ചടുലമാണ്. ഇവർക്കെത്ര പ്രായം വരും? എൺപതോ തൊണ്ണൂറോ!

മാണിയമ്മക്കു പിറകിൽ കാടാണ്. അതിനും പിന്നിൽ ആകാശത്തേക്ക് കൈതൊടാവുന്ന ഉയരത്തിലുള്ള കുന്നുകൾ. അര കിലോമീറ്ററിനപ്പുറം പാലക്കയം ആദിവാസി വനസംരക്ഷണ സമിതി കമ്യൂണിറ്റി ഹാളുണ്ട്. അതുവരെ ഇപ്പോൾ പോകേണ്ടതില്ല. സഹപാഠികൾ അടുത്തുണ്ടല്ലോ... പ്രിയപ്പെട്ട ടീച്ചറും. കുന്നിൻചരിവിൽ പടർന്ന പറങ്കിമാവിൻചോട്ടിൽ മാണിയമ്മയിരുന്നു; ചുറ്റുമായി മറ്റുള്ളവരും. പിന്നെ അവർ എഴുതിത്തുടങ്ങി. വിട്ടുപോയ അക്ഷരങ്ങൾ കല്യാണി ടീച്ചർ പൂരിപ്പിച്ചു.

കാടാണ്, മരവും വള്ളികളും ഉരുളൻകല്ലുകളും ആനയും മാനും കുറുക്കനും പന്നിയും പാമ്പുമൊക്കെയുള്ള കാട്. നാടെന്ന് നാം വിളിക്കുന്ന ഇടത്തേക്ക് ഇവിടെനിന്ന് 20 കിലോമീറ്ററോളം ദൂരമുണ്ട്. നഗരത്തിലേക്ക് പിന്നെയുമെത്രയോ. നിലമ്പൂരിലെ പാലക്കയം പട്ടികവർഗ കോളനിയെന്ന് നാട്ടിലുള്ളവർ ഇതിനെ വിളിക്കുന്നു; ഇവിടത്തെ ജനങ്ങളെ ആദിവാസികളെന്നും.

● മാണിയമ്മ

പുറംലോകവുമായി ഒരു ബന്ധവുമില്ലാത്ത, ഭക്ഷണം പാകം ചെയ്ത് കഴിക്കാത്ത, അക്ഷരാഭ്യാസമില്ലാത്ത, കണക്കറിയാത്ത ഭൂതകാലം ഇവർക്കുമുണ്ടായിരുന്നു. ഇന്ന് അങ്ങനെയൊന്നുമില്ല. അക്ഷരങ്ങൾ നൽകിയ തിരിച്ചറിവ് ഈ മനുഷ്യരുടെ ജീവിതവും മാറ്റിയെഴുതുകയാണ്; സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായി.

മുതുവാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങളിലുള്ളവരാണ് പാലക്കയം കോളനിയിലെ താമസക്കാർ. പഠനവഴിയിൽ മറ്റു ജോലികൾ തേടിപ്പോയ ചുരുക്കം ചിലരൊഴിച്ചുള്ള യുവാക്കളുടെ ജീവിതം ഇപ്പോഴും ഈ കാടുതന്നെയാണ്. പന്തീരായിരം മലവാരത്തിന് ചേർന്ന് ചുറ്റിക്കറങ്ങിക്കൊണ്ടേയിരിക്കുന്നവർ. കാടിനും മലകൾക്കുമിടയിൽ അവർക്ക് ആസ്വദിക്കാൻ ലഹരികൾ പലതുണ്ട്.

പഠിക്കാൻ അവസരങ്ങളും. എന്നാൽ, സ്ത്രീകൾക്കും മുതിർന്നവർക്കും ഇതൊന്നുമില്ല. പാരമ്പര്യവും പ്രകൃതിചര്യകളും മുറുകെ പിടിച്ച് ഇവർ ജീവിച്ചുപോരുന്നു.

കാട് പൂക്കുന്നു...

സംയോജിത പട്ടികവർഗ വികസന പദ്ധതിയുടെ ഭാഗമായി 1986ൽ കോളനിയിൽ സാക്ഷരത പ്രവർത്തകരെത്തി. 46 മുതിർന്നവർ സ്ലേറ്റും പുസ്തകവുമെടുത്തു. പിറകെ ഡി.പി.ഇ.പിയും. രണ്ടും ദീർഘനാൾ മുന്നോട്ടുപോയില്ല. പഠനമോഹവുമായി കാടും കുന്നും ഇറങ്ങിയവർ വന്ന വഴി മടങ്ങി. പിന്നീട് 2015ൽ ജൻശിക്ഷൺ സൻസ്ഥാൻ (ജെ.എസ്.എസ്) കോളനിയിലെത്തി.

വനസംരക്ഷണ സമിതി ഓഡിറ്റോറിയത്തിൽ വൈകുന്നേരങ്ങളിൽ 50ഓളം പേർ ഒരുമിച്ചിരുന്നു. ആനയും പന്നികളും മറ്റു മൃഗങ്ങളും ശല്യപ്പെടുത്തുംവരെ രാവേറെയുള്ള പഠനം. മൃഗശല്യം കൂടിയതോടെ പലരും ക്ലാസ് നിർത്തി. ഇടക്ക് മഴക്കാലമെത്തി. വഴികളെല്ലാം അടഞ്ഞു. എങ്കിലും സമീപങ്ങളിലുള്ള ചിലരെല്ലാം ബാക്കിയായി. 80 പിന്നിട്ട മാണിയമ്മയടക്കം 13 പേർ. അവരെല്ലാം സ്വന്തം പേരെഴുതാൻ പഠിച്ചു; വായിക്കാനും. സാക്ഷരതക്കൊപ്പം കോളനിവാസികളുടെ സാമൂഹികമാറ്റത്തിന് ഇതെല്ലാം വഴിയൊരുക്കി. ഇന്ന് കോളനിയിലെ ഭൂരിപക്ഷം പേർക്കും ബാങ്ക് അക്കൗണ്ടുണ്ട്. ഭക്ഷണം പാകംചെയ്ത് കഴിക്കുന്നുണ്ട്.

കാട്ടുവിഭവങ്ങൾ വിറ്റ് പണം കണക്കുപറഞ്ഞ് വാങ്ങുന്നുണ്ട്. കാട് മലിനപ്പെടുന്നതിനെക്കുറിച്ച് ബോധ്യമുണ്ട്. പ്ലാസ്റ്റിക്കിനെ പുറത്തുനിർത്തിയിട്ടുണ്ട്. മക്കൾ പഠിക്കുന്നതെന്തെല്ലാമെന്ന് വീട്ടിലുള്ളവർക്ക് ബോധ്യമുണ്ട്. കോളനിയിലെ ഈ മാറ്റത്തിന് യുനസ്കോ കൺഫ്യൂഷ്യസ് സാക്ഷരത പുരസ്കാരം ജെ.എസ്.എസിനെ തേടിയെത്തി. എന്നാൽ, കോളനിക്കാർ ആഗ്രഹിച്ച സാക്ഷരതപഠനം ആറു മാസം പിന്നിട്ടതോടെ അവസാനിച്ചു.

ടീച്ചറമ്മ...

1982 ഡിസംബർ 31ന് ട്രൈബൽ ബാലവാടി ടീച്ചറായി കാട്ടിലെത്തിയതാണ് കല്യാണി. അങ്ങാടിപ്പുറം അപ്പുകുട്ടൻ വൈദ്യരുടെയും ചിന്നമ്മുവിൻെറയും മകൾ. കല്യാണിയുടെ കാട്ടിലെ ജോലി അച്ഛനും അമ്മയും ഒഴികെയുള്ള ബന്ധുക്കൾ അന്നുമിന്നും അംഗീകരിച്ചിട്ടില്ല. മൂന്ന് ദശകംമുമ്പ് കാട് ഇങ്ങനെയുമല്ല, ശരിക്കും കാടാണ്. മരച്ചുവട്ടിലും കുന്നിൻചരിവിലും മുളയും പുല്ലുംകൊണ്ട് നിർമിച്ച കുടിലുകൾ. അവക്കിടയിൽ നടവഴിപോലുമില്ല. കോളനിവാസികൾക്കിടയിൽ മരുമക്കത്തായവും അയിത്തവും ശക്തമായിരുന്ന കാലം. ആദിവാസികളെ തൊടാനോ വീട്ടിൽ കയറാനോ പാടില്ല. ഭക്ഷണം നൽകുന്ന വസ്തുപോലും വ്യത്യസ്തം. പന്തീരായിരം മലവാരത്തെ കാട്ടിൽനിന്ന് കല്യാണി ചുറ്റും നോക്കി. മലകളാണ് ചുറ്റും. വെള്ളരിമല, കോണോംതൂക്കി മല, മാണിക്യമുടി, അമ്പുമല. അവക്ക് ചുറ്റും കനംവെച്ച കാട്. അതുവരെ കാണാത്ത യാഥാർഥ്യങ്ങൾക്കു മുന്നിൽ പകച്ചുനിന്ന 21കാരിക്ക് ജെമ്മേക്കാരൻ (മൂപ്പൻ) കോർമൻ തൻെറ മുറ്റത്ത് കുടിൽ നിർമിച്ചു. തിന്നാനുള്ളത് മുറ്റത്ത് എത്തിച്ചു.

ആ കുടിലിലേക്ക് കയറിയതിൽപിന്നെ കല്യാണി കാടിറങ്ങിയിട്ടില്ല. പാലക്കയം, വെറ്റിലകൊല്ലി, വെണ്ണേക്കോട് കോളനികളിലായി കല്ലും മുള്ളും മൃഗങ്ങളെയും മറികടന്ന് അവർ അക്ഷരങ്ങളുമായി നടന്നു. മുതുവാൻ, കാട്ടുനായ്ക്കർ, പണിയ വിഭാഗങ്ങളിൽപെടുന്ന കുട്ടികൾ പതുക്കപ്പതുക്കെ കല്യാണിയുടെ വാക്കുകൾ കേട്ടു. അക്ഷരങ്ങൾ പകർത്തി.

ഭാര്യ മരിച്ചതോടെ വെണ്ടേക്കുംപൊയിൽ കോളനിയിൽനിന്ന് കോർമൻെറ മകൻ കൃഷ്ണൻകുട്ടി ഇതിനിടെ പാലക്കയത്തെത്തി. 1984ൽ കല്യാണി കൃഷ്ണൻകുട്ടിയുടെ വധുവായി. കോളനിയിൽ തുടരാൻ മറ്റൊരു കാരണവും.

37 വർഷം പിന്നിട്ടിരിക്കുന്നു കല്യാണി കാട്ടിലെത്തിയിട്ട്. നിരക്ഷരരായ ഒരു ജനത കല്യാണി തെളിച്ച വഴിയിലൂടെ കാടിന് പുറത്തേക്ക് നടന്നു. കോളനിയിൽനിന്ന് ഉന്നത വിദ്യാഭ്യാസമുള്ളവരും ഉദ്യോഗസ്ഥരും ഉണ്ടായി. കല്യാണിയുടെ മകൻ ശ്യാംജിത്ത് എം.ഫിലും മകൾ ശ്യാമ ബി.എസ്സി നഴ്സിങ്ങും കഴിഞ്ഞ് ഉദ്യോഗക്കാരായി. കോളനിക്കാർക്ക് കല്യാണി ടീച്ചറമ്മയായി.

ഭർത്താവ് കൃഷ്ണൻകുട്ടി ചാലിയാർ പഞ്ചായത്ത് അംഗവും. കോളനിക്കാരുടെ ഏത് ആവശ്യങ്ങൾക്കും ആശ്രയം ഇന്ന് ഇവരാണ്. സാക്ഷരത ക്ലാസിലും കല്യാണി ടീച്ചറായി.

പ്രീഡിഗ്രിയും അഗ്രികൾചറൽ കോഴ്സും കഴിഞ്ഞ ഉടനെ കാട്ടിലെത്തിയതാണ് ടീച്ചർ. 100 രൂപ ഓണറേറിയത്തിൽ തുടങ്ങിയത് ഇന്ന് 7000 രൂപ ശമ്പളത്തിൽ നിൽക്കുന്നു. ടി.എ, ഡി.എ ഒന്നുമില്ല; സ്ഥിരപ്പെടലും. കാട്ടിലെത്തിയിരുന്നില്ലേൽ കൃഷി ഓഫിസറായി വിരമിച്ചേനെ ഇവർ.

അന്ന് ജെ.എസ്.എസ് സാക്ഷരത ക്ലാസിലിരുന്നവർ ഇപ്പോഴും പലയിടങ്ങളിലായി ഒത്തുചേരും. മറന്നുപോയ പാഠങ്ങൾ കല്യാണി ടീച്ചർ പഠിപ്പിക്കും. ക്ലാസിൽ അവസാനം വരെയുണ്ടായിരുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും വിധവകളായിരുന്നു. വൈകുന്നേരം ഒരിടത്ത് കൂടിയിരുന്ന് ആശ്വാസം പകർന്നവർ. ക്ലാസ് അവസാനിച്ചതോടെ അത് നിന്നു. അക്ഷരങ്ങൾ മറന്നുതുടങ്ങി.

മുന്നിൽ ഇരുട്ടുപിടിപ്പിക്കുന്ന കാടും മലകളും മാത്രം. നാട് കാണാൻ കൊണ്ടുപോകാമെന്നതും കണ്ണട നൽകാമെന്നതും നടന്നില്ല. പഠിക്കുന്ന സമയത്ത് കിട്ടിയ സംസാരിക്കുന്ന പേനയും നഷ്ടമായി. വല്ലപ്പോഴും കാട്ടിൽ ക്യാമ്പിനെത്തുന്നവർക്കു മുന്നിൽ പാട്ടും ജീവിതവും പറഞ്ഞ് സമയം നീക്കുന്നു. എങ്കിലും ഇവർക്ക് നന്ദിയുണ്ട്, പുതുവെളിച്ചം തന്നവർക്കെല്ലാം. ആഗ്രഹങ്ങളുണ്ട്-ഇനിയും ക്ലാസിലിരിക്കാൻ, പഠിക്കാൻ. ●

● കല്യാണി ടീച്ചർ



അറബിയും ഒട്ടകവും: അമൂല്യ സൗഹൃദത്തിൻെറ ആതുരാലയം 02

ക്യാപ്റ്റൻെറ വി'ജയ'ഗോൾ 04

അറബിയും ഒട്ടകവും

അമൂല്യ സൗഹൃദത്തിൻെറ ആതുരാലയം

അറബ് പൈതൃകത്തിൻെറയും നിത്യജീവിതത്തിൻെറയും ഒഴിച്ചുകൂടാനാവാത്ത സ്ഥാനമാണ് ഒട്ടകങ്ങൾക്ക്. അറ്റം കാണാത്ത മരുഭൂമിയിലൂടെ കാതങ്ങൾ താണ്ടവെ വാഹനവും സഹയാത്രികനുമെല്ലാമായിരുന്ന ആ ജീവി സൂപ്പർ സോണിക് കാലത്തും അവർക്ക് പ്രിയപ്പെട്ടതാണ്. ദുബൈയിൽ ഈയിടെ ഒട്ടകങ്ങൾക്കായി ആരംഭിച്ച സൂപ്പർ സ്പെഷാലിറ്റി ആശുപത്രി ആ സ്നേഹത്തിൻെറയും കരുതലിൻെറയും ഉജ്ജ്വലമായ ഉദാഹരണമാണ്

● ദുബൈയിലെ ഒട്ടകങ്ങൾക്കായുള്ള ആശുപത്രി

ചിത്രങ്ങൾ: ഹുമയൂൺ കബീർ

● ആശുപത്രിയിലെ ഡോക്ടർമാർ

സവാദ് റഹ്മാൻ

മലപോലെയുള്ള പ്രശ്നങ്ങൾക്കു നടുവിൽ നിൽക്കുമ്പോഴും അതൊന്നും കാര്യമാക്കാതെ കല്ലീവല്ലി പറഞ്ഞ് ചിരിച്ചുനടക്കുന്ന അറബ് സുഹൃത്തുക്കൾ വല്ലാതെ ടെൻഷനടിക്കുന്നുണ്ടെങ്കിൽ ഒരു കാരണം ഉറപ്പാണ്; ഓമന മൃഗങ്ങൾക്ക് എന്തെങ്കിലും പാടുകേട് സംഭവിച്ചിട്ടുണ്ടാവും. അതോടെ, അവരുടെ ജീവിതക്രമംതന്നെ തെറ്റും. ഉന്നത ശൈഖ്മാർ പോലും തിരക്കിട്ട പരിപാടികളും യാത്രകളുമെല്ലാം മാറ്റിവെച്ച് മൃഗങ്ങൾക്ക് കൂട്ടിരിക്കും. വേണ്ടിവന്നാൽ പുറത്തുനിന്ന് ഡോക്ടർമാരെ കൊണ്ടുവന്ന് ചികിത്സിക്കും. ആ കരുതലിൻെറ ആർദ്രത നേരിൽ ബോധ്യപ്പെട്ടു- അൽ മർമൂമിലെ ദുബൈ കാമൽ സൂപ്പർ സ്പെഷാലിറ്റി ആശുപത്രി സന്ദർശിച്ചപ്പോൾ. നിർദേശിക്കുന്ന ഏതു ചികിത്സയും നൽകാൻ തയാറാണെന്നും എത്ര ചെലവുവന്നാലും കുഴപ്പമില്ലെന്നും പറഞ്ഞ് വന്ന ചെറുപ്പക്കാർ പോയപ്പോൾ ഡോ. അഹ്സാനുൽ ഹഖ് പറഞ്ഞു: എന്താണ് ഈ ആശുപത്രിയുടെ ആവശ്യമെന്ന് നിങ്ങൾ നേരത്തേ ചോദിച്ചില്ലേ-

ഇതാണ് അതിൻെറ ഉത്തരം.

● ചികിത്സയിൽ കഴിയുന്ന ഒട്ടകം

അറബ് പൈതൃകത്തിൻെറയും നിത്യജീവിതത്തിൻെറയും ഒഴിച്ചുകൂടാനാവാത്ത സ്ഥാനമാണ് ഒട്ടകങ്ങൾക്ക്. അറ്റം കാണാത്ത മരുഭൂമിയിലൂടെ കാതങ്ങൾ താണ്ടവെ വഴികാട്ടിയും വാഹനവും സഹയാത്രികനുമെല്ലാമായിരുന്ന ആ സഹജീവിയെ സൂപ്പർ സോണിക് കാലത്തിലേക്ക് കുതിക്കുമ്പോഴും അറബികൾ മറക്കുന്നില്ല. ഏറ്റവും പ്രിയപ്പെട്ട കുടുംബാംഗമാണ് അവർക്കിന്നും ഒട്ടകം. ഏതാണ്ട് മൂന്നു ലക്ഷം ഒട്ടകങ്ങളുണ്ട് ഗൾഫ് രാജ്യങ്ങളിലിപ്പോൾ. എണ്ണം വർധിപ്പിക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങളും നടക്കുന്നു. നാടുകളെയെല്ലാം ബന്ധിപ്പിക്കുന്ന അതിവിശാലമായ റോഡുകളും പാലങ്ങളും അവയിലൂടെ പായാൻ അത്യാധുനിക വാഹനങ്ങളും സജ്ജമായിക്കഴിഞ്ഞപ്പോഴും ഒട്ടകത്തെ നിത്യജീവിതത്തിലേക്ക് എന്നും ചേർത്തുനിർത്താനുള്ള വഴികൾ തേടുകയാണ് അറബ് ജനത. ഓരോ അറബ് രാജ്യവും അതിനായി സൗഹൃദമത്സരം തന്നെ നടത്തുന്നുവെന്നു പറയാം. നൂതനാശയങ്ങളിൽ എന്നും ഒരുപടി മുന്നിലുള്ള യുനൈറ്റഡ് അറബ് എമിറേറ്റ്സ് (യു.എ.ഇ) 40 ദശലക്ഷം ദിർഹം ചെലവിട്ട് അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ആശുപത്രിയാണ് ഉയർത്തിയത്.

വരുമ്പോൾ മുൻകൂട്ടി അറിയിക്കണമെന്ന് ആശുപത്രി ഡയറക്ടർ മുഹമ്മദ് അൽ ബലൂഷി ആദ്യമേ പറഞ്ഞിരുന്നു. ചെല്ലുമ്പോഴാണ് കാരണം അറിയുന്നത്. ആശുപത്രി സ്ഥിതിചെയ്യുന്ന ദുബൈ കാമൽ റേസിങ് ക്ലബിലെ വലിയ ട്രാക്കിൽ ദുബൈ കിരീടാവകാശിയും എക്സിക്യൂട്ടിവ് കൗൺസിൽ ചെയർമാനുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാശിദ് ആൽ മക്തൂം മുൻകൈയെടുത്ത് വമ്പൻ സമ്മാനങ്ങളുള്ള വർണാഭമായ ഒട്ടക ഓട്ടമത്സരം നടത്തുന്നുണ്ട്. ഓട്ടത്തിൽ വിജയിക്കുന്ന ഒട്ടകങ്ങളെ വരിവരിയായ് നിർത്തിയിരിക്കുകയാണ്- ഡോപ്പിങ് ടെസ്റ്റിന്. മൂത്ര പരിശോധന നടത്തി ഉത്തേജക മരുന്ന് കൃത്രിമമൊന്നും ഇല്ലെന്ന് ഉറപ്പാക്കിയ ശേഷമേ ഉടമക്ക് സമ്മാനം നൽകൂ. എന്തെങ്കിലും തട്ടിപ്പ് പയറ്റാൻ നോക്കുന്നവർക്ക് പിഴ ചുമത്തും. മത്സരങ്ങളിൽനിന്ന് വിലക്കുകയും ചെയ്യും.

32 വർഷം മുമ്പ് നാദൽ ഷീബയിൽ ദുബൈ കാമൽ ഹോസ്പിറ്റൽ എന്ന പേരിൽ ഒട്ടക ആശുപത്രി തുറന്നിരുന്നു. ചെറിയ രോഗങ്ങൾക്കും മുറിവുകൾക്കുമെല്ലാം ചികിത്സ ലഭ്യമാക്കിയിരുന്ന ഇടം. പുതിയ ആശുപത്രിയിലെ ഫാർമസി വിഭാഗം മേധാവിയായ ഡോ. അഹ്സാൻ അന്നവിടെ ജോലി ചെയ്തിരുന്നു. ഒട്ടകങ്ങൾക്ക് ഈ സൗകര്യങ്ങൾ നൽകിയാൽ പോരെന്നും കഴിഞ്ഞ തലമുറയെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത ഈ മൃഗത്തോടുള്ള ആദരവും കടപ്പാടും വരുംതലമുറകളിലേക്കും പകരണമെന്നും നിർദേശിച്ച് യു.എ.ഇ വൈസ് പ്രസിഡൻറും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാശിദ് ആൽ മക്തും ആണ് സൂപ്പർ സ്പെഷാലിറ്റി ആശുപത്രി എന്ന നിർദേശം മുന്നോട്ടുവെച്ചത്. മൃഗചികിത്സാ രംഗത്തെ ലോകോത്തര സൗകര്യങ്ങളെല്ലാം വിലയിരുത്തി അതിൽനിന്ന് ഏറ്റവും മികച്ച സംവിധാനങ്ങളാണ് ദുബൈ ആശുപത്രിയിൽ സജ്ജീകരിച്ചത്. ഒട്ടകത്തിൻെറ ശരീരഘടന മറ്റു മൃഗങ്ങളുടേതുപോലെയല്ല. ഏതറ്റംവരെയും സഹിക്കുന്ന, ക്ഷമിക്കുന്ന സാധുവാണിത്. എന്നാൽ, ഒട്ടകചികിത്സ മേഖലയിൽ സ്പെഷലൈസേഷൻ നടത്തിയവർ കുറവായിരുന്നു. കന്നുകാലി-കുതിര ചികിത്സയിൽ ഏറെ മുന്നേറിയിട്ടും ഈ മൃഗത്തിന് ആവശ്യമായ രീതിയിൽ ചികിത്സഉപകരണങ്ങൾ ക്രമീകരിക്കുന്നതിനെക്കുറിച്ചൊന്നും വൈദ്യലോകം ഇത്ര കടന്ന് ചിന്തിച്ചിരുന്നുമില്ല. ഇവിടെ അതിനെല്ലാം മാറ്റം വരുത്തിയിരിക്കുന്നു. അൾട്രാസൗണ്ട് സ്കാനിങ്, റേഡിയോഗ്രഫി, എക്സ്റേ എന്നിവ എടുത്ത് രോഗനിർണയം നടത്തിയാണ് ചികിത്സ ആരംഭിക്കുക. പല ഉപകരണങ്ങളും ഈ ആശുപത്രിക്കുവേണ്ടി മാത്രമായി ഭേദഗതിചെയ്ത് നിർമിച്ചു നൽകിയിരിക്കുന്നു പ്രമുഖ കമ്പനികൾ. ഉദാഹരണത്തിന് ഒട്ടകത്തിൻെറ വയറിൽ കടത്തി എൻഡോസ്കോപ്പി ചെയ്യാൻ തക്ക ഉപകരണം ഇക്കാലമത്രയും വികസിപ്പിച്ചിരുന്നില്ല. യൂറോപ്യൻ മൃഗാശുപത്രികളിൽ ജിറാഫിന് ഉപയോഗിക്കുന്ന എൻഡോസ്കോപ്പ് വീണ്ടും നീളംകൂട്ടി എടുത്താണ് അഞ്ചു മീറ്റർ നീളത്തിലുള്ള കുഴൽ ദുബൈ ആശുപത്രിക്കുവേണ്ടി പ്രത്യേകമായി നിർമിച്ചത്. മുൻകാലങ്ങളിൽ ഒട്ടകത്തിന് ഏതസുഖത്തിനും പുറമെ നൽകിയിരുന്ന ചികിത്സ തീകൊണ്ടുള്ള ഉഴിച്ചിൽ മാത്രമായിരുന്നു. കുത്തിവെപ്പ് നിർദേശിച്ചതിന് കയർത്ത് തല്ലാൻ ഒരുമ്പെട്ട ഒരു അറബിയുടെ കഥ പറഞ്ഞു ഡോ. മൻസൂർ അലി ചൗധരി. തൻെറ മൃഗത്തെ വേദനിപ്പിക്കാൻ സമ്മതിക്കില്ലെന്ന് തീർത്തു പറഞ്ഞ അദ്ദേഹത്തെ പറഞ്ഞുമനസ്സിലാക്കുന്നത് ഒട്ടകപ്പുറത്തെ സഞ്ചാരത്തെക്കാൾ ശ്രമകരമായിരുന്നു. ഇന്ന് സ്ഥിതി മാറിയിരിക്കുന്നു.

ഇൻപേഷ്യൻറ്, ഔട്ട്പേഷ്യൻറ് വിഭാഗങ്ങളിലെ ഓരോ ഒട്ടകത്തിൻെറയും പേരെഴുതിയ ഫയലുകൾ കാണാനായി. വീട്ടിൽ വളർത്തുന്ന ഒട്ടകങ്ങൾക്കു പുറമെ സൗന്ദര്യ മത്സരത്തിലും ഓട്ടത്തിനും പങ്കെടുപ്പിക്കുന്ന കോടികൾ വിലയുള്ള ഒട്ടകങ്ങളുടെയും വിത്ത്മൃഗങ്ങളുടെയും ചികിത്സ ഇവിടെയുണ്ട്. പേര്, ഉടമയുടെ പേര്, പരിശീലകൻെറ പേര്, വയസ്സ്, രോഗങ്ങൾ എന്നിവയെല്ലാം രേഖപ്പെടുത്തിയ ചട്ടകളിലൂടെ കണ്ണോടിച്ചപ്പോൾ പല ഉടമകളും ലോകപ്രശസ്തർ. തങ്ങളുടെ പ്രിയമൃഗങ്ങളുടെ സൗഖ്യം ഉറപ്പാക്കാൻ അവർ നേരിട്ടെത്തും, ഓപ്പറേഷൻ തിയറ്ററിനു മുകളിലെ മജ്ലിസിലെ സ്ക്രീനിലൂടെ ശ്വാസമടക്കിപ്പിടിച്ച് നഖം കടിച്ചിരുന്ന് ശസ്ത്രക്രിയ കാണും. അവയെ വേദനിപ്പിക്കല്ലേ എന്ന് ഡോക്ടർമാരോടപേക്ഷിക്കും. ധീരസാഹസികരെങ്കിലും ആരുമറിയാതെ കണ്ണുകൾ തുടക്കും.

● ഒട്ടകത്തിന് ചികിത്സ നൽകുന്നു

തിയറ്ററിൽ ഓപറേഷൻ നടക്കുന്നു. തുടയെല്ല് (femus) തകർന്ന് പേശികളിലേക്ക് കയറി രോഗിയായിപ്പോയ ഒട്ടകത്തിന് പുതുജീവിതം പകരാൻ സർജറി വിഭാഗം മേധാവി ഡോ. സെഡ്രിക് ചാനും ഡോ. ക്ലയർ ബൂത്തും ചേർന്ന് കൊണ്ടുപിടിച്ച ശ്രമത്തിലാണ്. ലോകത്ത് ആദ്യമായി ഒരു ഒട്ടകത്തിന് നടത്തുന്ന സങ്കീർണമായ തുടയെല്ല് ശസ്ത്രക്രിയ. ഒട്ടകത്തെ വിശാലമായ ഓപറേഷൻ തിയറ്ററിൽ അനസ്തേഷ്യ നൽകി കിടത്തിയിരിക്കുന്നു. കൂറ്റൻ ക്രെയിനുകളുടെ സഹായത്തോടെയാണ് മലർത്തിക്കിടത്തുന്നതും തിരിച്ചു നിർത്തുന്നതുമെല്ലാം. അഞ്ചു മണിക്കൂർ നീളുന്ന ശസ്ത്രക്രിയ മുകളിലെ വി.ഐ.പി മജ്ലിസിലിരുന്ന് കാണുന്നുണ്ട് ഉടമയുടെ പ്രതിനിധികളും മറ്റു ഡോക്ടർമാരും. അതിവിപുലമായ രണ്ട് ഓപ്പറേഷൻ തിയറ്ററുകളാണ് ആശുപത്രിയിലുള്ളത്. തുറന്ന് രണ്ടര മാസം പിന്നിടുന്നതേയുള്ളൂ. മുപ്പതിലേറെ ശസ്ത്രക്രിയകൾ നടത്തിക്കഴിഞ്ഞു. നിലവിൽ 10 ഡോക്ടർമാരുണ്ട്. അതിനിരട്ടി പാരാമെഡിക്കൽ ജീവനക്കാരും. ആവശ്യമുള്ള ഘട്ടത്തിൽ കുതിര ആശുപത്രിയിൽനിന്നുള്ള ഡോക്ടർമാരുടെ സേവനവും തേടാറുണ്ട്. ദുബൈ കാമൽ ആശുപത്രിയെയും അതിൻെറ സൗകര്യങ്ങളും കേട്ടറിഞ്ഞ് പലപല നാടുകളിൽനിന്ന് ഒട്ടകങ്ങളെ എത്തിക്കുന്നു അറബികൾ. ഈനില തുടർന്നാൽ രണ്ട് ഓപറേഷൻ തിയറ്ററുകൾ കൂടി വേണ്ടിവരും. ശേഷമുള്ള വിശ്രമത്തിനും താമസിപ്പിച്ച് ചികിത്സിക്കുന്നതിനും വിശാലമായ 20 കൂടുകളുണ്ട്. ഇതിൽ ഏതാണ്ടെല്ലാം നിറഞ്ഞിരിക്കുന്നു- ഓട്ടത്തിനിടെ തോളെല്ല് പൊട്ടിയ ഒട്ടകം, വായിൽ മുറിവു പറ്റിയത്, കാലുളുക്കി വീണത്... ഇവയെല്ലാം ഇവിടെ വിശ്രമത്തിലാണ്. കൂടുതൽ കൂടുകൾ പണിയാനുള്ള ആലോചനക്രമങ്ങൾ ആയിക്കഴിഞ്ഞു. മൃഗചികിത്സ രംഗത്തെ ഗവേഷണത്തിന് മികച്ച കേന്ദ്രമായും വൈകാതെ കാമൽ ഹോസ്പിറ്റൽ അറിയപ്പെടും. ഇന്ത്യയിൽ നിന്നടക്കം നിരവധി വെറ്ററിനറി ഡോക്ടർമാർ ഇവിടെ സേവനത്തിന് താൽപര്യമറിയിച്ചിട്ടുണ്ട്. ഒട്ടകങ്ങളുടെ ക്ഷേമത്തിനും പരിചരണത്തിനുമായി ജീവിതം ഉഴിഞ്ഞുവെച്ച രാജസ്ഥാൻ ബിക്കാനീറിലെ ഡോ.ടി.കെ. ഗെഹ്ലോട്ട് ആശയങ്ങളും ഉപദേശ നിർദേശങ്ങളും നൽകുന്നുണ്ട്. ഫാർമസിയിലും ലാബിലും ഐ.ടി വിഭാഗത്തിലുമെല്ലാമായി നിരവധി മലയാളികളും ഇവിടെയുണ്ട്.

യൂറോപ്പിൽ കുതിരകളുടെ കാലിനു പരിക്കുപറ്റിയാൽ ദയാവധമാണ് പ്രതിവിധി. എന്നാൽ, എന്തു വിലകൊടുത്തും അവസാന നിമിഷം വരെ പ്രിയമൃഗങ്ങളുടെ സൗഖ്യം സാധ്യമാക്കാനുള്ള ആത്മാർഥമായ അന്വേഷണമാണ് അറബികളെ വേറിട്ടുനിർത്തുന്നത്.

ഒട്ടകത്തിന് ഇടം കൊടുത്ത് കൂടാരത്തിൽ നിന്ന് പുറത്തായ അറബിയെക്കുറിച്ച് നമ്മൾ ചെറുപ്പത്തിൽ കേട്ടത് വെറുമൊരു കെട്ടുകഥയാവാനേ തരമുള്ളൂ. ഒട്ടകത്തിന് തണുപ്പു പറ്റാതിരിക്കാൻ കൂടാരത്തിൽനിന്ന് ഇറങ്ങിക്കിടന്നതാവണം അയാൾ. അത്രമാത്രമാണ് ഈ മൃഗവും ഇവിടത്തെ മനുഷ്യരും തമ്മിലെ ഹൃദയബന്ധം.

കവിത

മൗനം ഒരു രാഷ്ട്രഭാഷ

എസ്.വി. ഉസ്മാൻ

ന്യായാധിപൻെറ
ഛേദിക്കപ്പെട്ട നാവ്
"അച്ചടക്കമുള്ള
ഒരു രാഷ്ട്ര"ത്തിൻെറ
പ്രതീകമത്രെ!
നോക്കിനിൽക്കെ,
ജീവിതത്തിൽനിന്ന്
നാടു കടത്തപ്പെടും
"രാജ്യദ്രോഹികളായ
ഒച്ചകൾ"!

കബന്ധങ്ങളുടെ
സദസ്സിൽനിന്ന്
നട്ടെല്ലുള്ള കവിത
എഴുന്നേറ്റ്
പുറത്തുപോവും.

അർധരാത്രി,
ഭയാനകമായ ഇരുട്ടത്ത്
നാഴികമണിയുടെ
ഹൃദയം നിലച്ച്
നാൽക്കവലയിലെ
പ്രതിമയാവും
ചരിത്രം!

ഒടുവിൽ
മൗനം രാഷ്ട്രഭാഷയാവും!

കത്തുകൾ

കരുത്തു പകർന്ന മാലാഖ

ലക്കം 1551ൽ പ്രസിദ്ധീകരിച്ച 'വെളിച്ചം വിതറുന്ന വിരലുകൾ' എന്നിൽ കൂടുതൽ ആവേശമുണ്ടാക്കി. രണ്ടു വേദികളിൽ ആഷ്‌ലയെ അടുത്തറിയാൻ അവസരമുണ്ടായി എനിക്ക്. ആഷ്‌ല എല്ലാവർക്കും വഴികാട്ടിയാണ്. സ്വന്തം വീൽചെയറിൽ ഇരുന്നു കൊണ്ട് ലോകമൊട്ടാകെയുള്ള ചലനമില്ലാത്തവരെ ചലിപ്പിക്കുന്ന ഒരു സാന്ത്വനമാലാഖയായി അവർ പറന്നുയരുകയാണ്. വാരാദ്യ മാധ്യമത്തിനും ലേഖകൻ യാസിർ ഫയാസിനും അഭിനന്ദനങ്ങൾ.

ടി. ഇസ്ഹാഖ്
ബീമാപള്ളി

വെളിച്ചം വിതറുന്ന വിരലുകൾ വായിച്ചു. ആഷ്‌ലയുടെ ജീവിതം വായിച്ചപ്പോൾ സങ്കടം വന്നു. പക്ഷേ, എല്ലാവരെയും പോലെ തകർന്നുപോകാതെ അതിനെ തരണംചെയ്ത് ജീവിക്കാൻ തീരുമാനിച്ചതുകൊണ്ട് ജീവിതത്തിൽ പല നന്മനിറഞ്ഞ പ്രവർത്തനങ്ങളും ചെയ്യാൻ അവർക്ക് കഴിഞ്ഞു. അവരുടെ വാക്കുകൾ ഏറെ ആത്മവിശ്വാസം നൽകി. ഒരുപാട് നന്ദി.

യുസ്ര തസ്നി
നെടിയിരുപ്പ്

ഇവരാണ് പെണ്ണ്

യാസിർ ഫയാസിൻെറ 'വെളിച്ചം വിതറുന്ന വിരലുകൾ' എന്ന ഫീച്ചർ വായിച്ച് അത്ഭുതപ്പെട്ടു. കാരണം, 2010 ആഗസ്റ്റിലെ ഒരു ഞായറാഴ്ചയുണ്ടായ അപകടത്തിൽ തൻെറ ജീവിതം തീർന്നെന്ന് ഉറപ്പിച്ച ആഷ്‌ല 2014 സെപ്റ്റംബറിലെ മറ്റൊരു ഞായറാഴ്ച പുതിയ ആഷ്‌ലയായി മാറി. അവിടെ അവൾ കഴിഞ്ഞുപോയ കാര്യങ്ങളെക്കുറിച്ച് ഓർത്തില്ല, കരഞ്ഞില്ല. പകരം തൻെറ സങ്കടങ്ങളെല്ലാം ഒരിടത്തേക്ക് മാറ്റിവെച്ച് പുതിയ ഒരുത്തിയായി മാറി. തളർച്ച മറന്ന് പുതിയ ജീവിതത്തിലേക്ക് വന്ന ആഷ്‌ലയാണ് പെണ്ണ്. അതിന് സഹായിച്ച ഡോ. എം.ആർ. രാജഗോപാലിനും പാലിയം പ്രവർത്തകർക്കും അഭിനന്ദനങ്ങൾ. ഇവരെ പരിചയപ്പെടുത്തിയ വാരാദ്യ മാധ്യമത്തിന് ഒരുപാട് നന്ദി.

കെ. ഫാത്തിമ റിഷാന
തിരൂർ. മലപ്പുറം

'വെളിച്ചം വിതറുന്ന വിരലുകൾ' ആത്മവിശ്വാസത്തിൻെറയും പ്രതീക്ഷയുടെയും വെളിച്ചം കാണാതെ അനന്തമായ ഗർത്തത്തിലേക്ക് വീണുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന് ആകെ പ്രചോദനമാകുന്നു. നിറംമങ്ങിയ ഒരു ഞായറാഴ്ചയെ വർണപ്പകിട്ടാർന്ന ഞായറാക്കി മാറ്റി ജീവിത പ്രതിസന്ധികളെ നേരിട്ട ആഷ്‌ലക്കും പുതുയുഗത്തിന് ദിശാബോധം നൽകിയ മാധ്യമത്തിനും അഭിനന്ദനങ്ങൾ.

മുബാറക്ക്
കൊടുങ്ങല്ലൂർ

യാസിർ ഫയാസ് എഴുതിയ 'വെളിച്ചം വിതറുന്ന വിരലുകൾ' ശ്രദ്ധേയമായി. വീൽചെയർ സൗഹൃദമാകേണ്ട നമ്മുടെ നിരത്തുകളെക്കുറിച്ചുള്ള സൂചന ഏറെ ശ്രദ്ധിക്കേണ്ടതാണ്. ദുബൈയുടെ തെരുവുകളിലൂടെ നടക്കുമ്പോൾ അവരൊരുക്കിയ വീൽചെയർ സൗഹൃദ പാതകളിൽ നമുക്ക് നല്ലൊരു മാതൃകയുണ്ട് എന്ന് പലപ്പോഴും തോന്നാറുണ്ട്. അഭിനന്ദനങ്ങൾ.

സാദിഖലി.
പാട്ടക്കരിമ്പ്

അക്ഷരസാഗരം

ലിറ്ററേച്ചർ ഫെസ്റ്റിവൽ യഥാർഥത്തിൽ ഒരു അക്ഷരസാഗരം തന്നെയായിരുന്നു. ഫെസ്റ്റിവലിലെ എല്ലാ സെഷനുകളിലും ഇരിക്കാൻ കഴിയാതിരുന്ന എന്നെപ്പോലുള്ളവർക്ക് അതിൻെറ വർത്തമാനങ്ങൾ പറഞ്ഞുതന്നതിന് നന്ദി.

ടി. ബാലചന്ദ്രൻ
വടവന്നൂർ

കമലിന് ബിഗ് സല്യൂട്ട്

ലക്കം 1551ലെ സജിത ഗോപി സംവിധായകൻ കമലുമായി നടത്തിയ അഭിമുഖം വായിച്ചു. മതത്തെ തൊട്ടാൽ പൊള്ളുന്ന ഈ കാലഘട്ടത്തിൽ എഴുത്തുകാരി കമല സുറയ്യയുടെ ജീവിതം ആസ്പദമാക്കി സിനിമ എടുക്കുക എന്നുള്ളത് തീർത്തും വെല്ലുവിളി നിറഞ്ഞതാണ്. പ്രത്യേകിച്ച് ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും സാഹിത്യകാരന്മാരും മറ്റും ആക്രമിക്കപ്പെടുകയും വധഭീഷണിക്ക് ഇരയാവുകയും ചെയ്യുന്ന ഈ സമയത്ത് കമല സുറയ്യയുടെ ജീവിതം ഒട്ടും ഭയംതോന്നാതെ വെള്ളിത്തിരയിലേക്ക് എത്തിക്കാൻ കാണിച്ച കമലിൻെറ മനസ്സിന് ബിഗ് സല്യൂട്ട്.

കെ.പി. ഫസൽ ബഷീർ
ചെറുവാടി

സുന്ദര പദങ്ങളുടെ കാവ്യാവിഷ്കാരം

കെട്ടിക്കുടുക്കുകളില്ലാതെ വായിച്ചുപോവാൻ കഴിയുന്ന ലളിത കോമള സുന്ദര പദങ്ങളുടെ കാവ്യാവിഷ്കാരമാണ് ബഹിയയുടെ 'പ്രണയിക്കുന്നവർ' (ലക്കം 1551). ദൈവത്തിൻെറ ദുനിയാവിൽ ഏറ്റവും കൂടുതൽ ചർച്ചക്ക് വിധേയമാവുന്നതും പ്രണയമാണ്. പ്രപഞ്ചത്തിൻെറ സ്ഥായിയായ സ്വഭാവവും കരുണരസമാണല്ലോ. പ്രവാചകരും പ്രതിഭാശാലികളും തുടങ്ങി ജീവിതത്തിൻെറ നാനാതുറകളിലുള്ളവർ പ്രണയത്തിൻെറ വശ്യചാരുതയിൽ വീണുപോയിട്ടുണ്ട്. സംഗീതത്തിൻെറ താളലയങ്ങളിലധിഷ്ഠിതമായ മൗനശബ്ദത്തിൻെറ ഉപാസനയാണ് ഈ കവിത. പ്രണയത്തിൻെറ അവതരണ ശൈലിയാണ് ഈ കവിതയെ ധ്യാനസുരഭിലമാക്കുന്നത്.

വി.കെ.എം. കുട്ടി
ഈസ്റ്റ് മലയമ്മ. കോഴിക്കോട്

ഫാഷിസം ഫണമുയർത്തിയാടുന്നു

ശബ്ദിക്കുന്ന നാവുകളെ അവർ ഇല്ലാതാക്കുന്നു, എഴുതുന്ന കൈകളെ അവർ ഇല്ലാതാക്കുന്നു. ദാഭോൾകറെയും പൻസാരെയെയും കർബുർഗിയെയും ഗൗരി ലങ്കേഷിനെയും കൊന്നുകഴിഞ്ഞു. ഇനിയിതാ സാംസ്കാരിക കേരളത്തിൽ പരിവർത്തനത്തിൻെറ കാവ്യാക്ഷരങ്ങൾക്കൊണ്ട്, അടിച്ചമർത്തപ്പെടുന്ന ന്യൂനപക്ഷങ്ങളുടെയും ദലിതൻെറയും സ്വാതന്ത്ര്യ ഗീതങ്ങളെപ്പോലെ അന്തവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നന്മയുടെ പക്ഷത്ത് നിന്ന് ഫാഷിസ്റ്റുകൾക്കെതിരെ സന്ധിയില്ലാ സമരം ചെയ്യുന്ന മലയാളത്തിൻെറ മഹാകവി കുരീപ്പുഴക്കെതിരെ കേന്ദ്രഭരണത്തിൻെറ തണലിൽ നടത്തിവരുന്ന സംഘടിത സംഘ്പരിവാർ ആക്രമണങ്ങളെ ചെറുത്തുതോൽപിക്കേണ്ടത് ഓരോ സംസ്കാരമുള്ള ഭാരതീയൻെറയും കടമയാണ്. പി. ജസീല കുരീപ്പുഴയുമായി നടത്തിയ അഭിമുഖത്തിന് (ലക്കം 1550) അഭിനന്ദനങ്ങൾ.

മണി ചാവക്കാട്
തൃശൂർ

പത്താമത് ഭരത് പി.ജെ. ആൻറണി സ്മാരക ദേശീയ അവാർഡ്

ഒ.എൻ.ഒ ഫിലിംസ് തൃശൂർ, ബിന്നി ഇമ്മട്ടി ഫിലിംസുമായി സഹകരിച്ച് നടത്തുന്ന പത്താമത് ഭരത് പി.ജെ. ആൻറണി സ്മാരക ദേശീയ അവാർഡിന് സൃഷ്ടികൾ ക്ഷണിച്ചു. നാടക രചന (45 മിനിറ്റ് ദൈർഘ്യം- മൗലികം, സമകാലികം- പ്രസിദ്ധീകരിക്കാത്തത് -ഡി.ടി.പി നിർബന്ധം), ഡോക്യുമെൻററി ഫിലിം (ഒന്നര മണിക്കൂർ), ഷോർട്ട് ഫിലിംസ് (10 മിനിറ്റ് ആൻഡ് 30 മിനിറ്റ് കാറ്റഗറി -ഡി.വി.ഡി/എം.പി4). നാടകരചനക്ക് 5000 രൂപയും ഡോക്യുമെൻററി ആൻഡ് ഷോർട്ട് ഫിലിമുകൾക്ക് 10,000 രൂപയും മെമൻറോയും പ്രശസ്തിപത്രവും പുസ്തകങ്ങളും അടങ്ങുന്നതായിരിക്കും അവാർഡുകൾ. അറുപതിലധികം അവാർഡുകൾ വിവിധ കാറ്റഗറികളിലായി നൽകുന്നു.
കുട്ടികളുടെ സിനിമക്കും കാമ്പസ് സിനിമകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടാകും. രജിസ്ട്രേഷൻ ഫീസ് നാടകരചന (100 രൂപ), ഡോക്യു ആൻഡ് ഷോർട്ട് ഫിലിം (1000 രൂപ). DD/MO മാത്രം സ്വീകാര്യം.
എൻട്രികൾ 2018 മാർച്ച് 14നകം (ഭരത് പി.ജെ. യുടെ 39ാം ചരമവാർഷികദിനം) താഴെ പറയുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. ചാക്കോ ഡി. അന്തിക്കാട് (ജനറൽ കൺവീനർ, പാർട്ട് -ഒ.എൻ.ഒ ഫിലിംസ്, C/o 'റിയാസ്' (വീട്), പി.ഒ ചേർപ്പ്, തൃശൂർ-680 561.
Mob: 09447 084 849, 09645 157 077, Email: partonofilmstcr@gmail.com, Web: www.partonofilms.com
2018 ഫെബ്രുവരി ഒന്നു മുതൽ വെബ്സൈറ്റിൽനിന്ന് അപേക്ഷഫോറം ഡൗൺലോഡ് ചെയ്യാം. മേയ് അവസാനവാരത്തിൽ മൂന്നു ദിവസങ്ങളിലായി തൃശൂരിൽ നടത്തുന്ന ഭരത് പി.ജെ. സ്മാരക ഫിലിം ഫെസ്റ്റിവലിൽ തിരഞ്ഞെടുക്കപ്പെടുന്ന ഡോക്യുമെൻററി ആൻഡ് ഷോർട്ട് ഫിലിമുകളുടെ പ്രദർശനം ഉണ്ടായിരിക്കും.

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.
whatsapp: **9645006105**,
e-mail: **varadyam@madhyamam.in**
തപാൽ വിലാസം: **പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ. കോഴിക്കോട് -12**

കഥ

പിടച്ചിലുകൾ

ശിവപ്രസാദ് പാലോട്

ഓഫിസ്മുറിയുടെ മൂലയിലെ സ്വിച്ചിൽ പ്യൂൺ രമേശൻ വിരലമർത്തുന്നതോടെ എല്ലാ ക്ലാസുകളിലെയും ബെല്ലുകൾ ഒന്നിച്ചു ചിലച്ചു. അതുവരെ വിവിധ കാട്ടുപക്ഷികളുടെ കലപിലയും കാട്ടരുവികളുടെ കളകളാരവവും ഉണ്ടായിരുന്നിടത്ത് പ്രാചീനമായ ഏതോ ഒരു ചീവിടിൻെറ ശബ്ദംപോലെ. അതോടെ സ്കൂൾ പെട്ടെന്ന് നിശ്ശബ്ദമായി.

ക്ലാസിലേക്ക് പോകുമ്പോൾ അമ്മിണി ടീച്ചറുടെ കാലുകൾ വിറക്കുന്നുണ്ടായിരുന്നു. ടി.ടി.സിക്ക് പഠിക്കുമ്പോൾ പരിശീലനത്തിൻെറ ഭാഗമായി ആദ്യം സ്കൂൾ മുറ്റത്ത് കയറുമ്പോഴും ഇതേ വിറതന്നെ തനിക്ക് ഉണ്ടായിരുന്നല്ലോ എന്ന് ടീച്ചർ ഓർത്തു. താൻ പഠിച്ച പാഠങ്ങൾക്കപ്പുറം പുതിയ പാഠങ്ങൾ ഉൾക്കൊള്ളേണ്ടിവരുമ്പോൾ താൻ തീരെ ചെറുതായിപ്പോകുന്നുണ്ടോ എന്ന സംശയത്തോടെ ടീച്ചർ ക്ലാസിലേക്ക് കയറി.

കഴിഞ്ഞ ദിവസമാണ് സ്കൂളിനെ സ്മാർട്ട് സ്കൂളാക്കി പ്രഖ്യാപിക്കുന്നത്. അതുവരെ ഉണ്ടായിരുന്ന മുക്കാലിയും ബോർഡും സ്കൂളിനു പിറകിലെ ഷെഡിൽ തന്നെപ്പോലെത്തന്നെ ചുരുണ്ട് കിടപ്പുണ്ടാകുമെന്ന് ടീച്ചർക്ക് തോന്നി. ഗ്രാമപ്രദേശത്തെ സ്കൂളിൽ തനിക്കിനി ഏതാനും മാസങ്ങൾ മാത്രം. സ്കൂളിലേക്ക് വരുമ്പോൾ പാത കറുത്തിരുന്നില്ല, മുന്നിലെ ഷോപ്പിങ് കോംപ്ലക്സിനു പകരം ഗോപാലൻ നായരുടെ പുക മണമുള്ള ചായപ്പീടിക മാത്രം. സ്വയംഭൂവായ വിഗ്രഹംപോലെ സ്കൂളിൽ ഉണ്ടായിരുന്ന പഴയ തീവണ്ടിച്ചക്രത്തിൽ ഇരുമ്പു ചുറ്റിക കൊണ്ട് അടിക്കുമ്പോൾ ഉണ്ടാകുന്ന മുഴക്കമാണ് അവിടന്നിതുവരെ തൻെറ ജീവിതത്തിൻെറ താളം.

ഒന്നാംതരം മുതൽ ക്ലാസുകൾ ഒന്നാന്തരം ആക്കണം. ക്ലാസ്മുറി മുഴുവൻ പക്ഷിമൃഗാദികളുടെ ചിത്രങ്ങൾ പതിച്ചു. നിലം ടൈൽ വിരിച്ചു. കറകറ കരയുന്ന പഴയ മരബെഞ്ചുകൾക്കുപകരം സ്റ്റീലിൽ വെൽഡ് ചെയ്തുറപ്പിച്ച പുതിയകാല ഇരിപ്പിടങ്ങളായി. കീറിപ്പറിഞ്ഞ ഡസ്റ്ററും കൈയിൽതൂക്കി നിന്ന ബോർഡിനു പകരം മിനി സ്ക്രീൻ. തലയ്ക്കു മുകളിൽ ലോക സാക്ഷിയെപോലെ പ്രൊജക്ടർ. ഡീവീഡി, മൈക്ക്, ബോക്സുകൾ. അമ്മിണി ടീച്ചറുടെ നാലാംക്ലാസും അങ്ങനെ സ്മാർട്ടായി.

കുട്ടികളും വല്ലാണ്ട് മാറിപ്പോയി. എല്ലാ ദാരിദ്ര്യങ്ങളെയും ഒളിച്ചുവെക്കുന്ന പുതിയ യൂനിഫോം. കഴുത്തിൽ ഫോട്ടോ അടക്കംചെയ്ത ടാഗുകൾ. കാലിൽ സോക്സും ഷൂവും. പഴയ കുഞ്ചുവും നീലാണ്ടനും കാർത്യായനിയും നിറഞ്ഞ ഹാജർ പട്ടിക ഇപ്പോൾ അർച്ചന എസ്. വാര്യർ, സിനു കെ. ഗോപാലൻ നായർ, ഹേമ നമ്പൂതിരി എന്നൊക്കെ മാറിയിട്ടുണ്ട്. ടീച്ചർക്ക് ഗസറ്റിൽ പരസ്യം കൊടുത്ത് ഈ അമ്മിണി എന്ന പേര് അമ്മിണി ഗോപിനാഥ് എന്നോ അല്ലെങ്കിൽ മറ്റൊരു പേരുതന്നെയോ ആക്കി മാറ്റിക്കൂടേ എന്നും ഇനി എന്നാണ് നമ്മുടെ അമ്മിണി ടീച്ചർ കൂടി സ്മാർട്ട് ആകുക എന്നും ചെറുപ്പക്കാരനായ ഹെഡ് മാസ്റ്റർ സ്റ്റാഫ് മീറ്റിങ്ങിൽ ചോദിച്ച അന്ന് തുടങ്ങിയതാണ് മനസ്സിലെ ഈ പിടച്ചിൽ.

പാഠം ആരംഭിക്കണം. എന്നും പറയാറുള്ള
'നമസ്തേ ടീച്ചർ'
എന്നതിനുപകരം ഇന്ന് ആദ്യം ഒറ്റക്കും പിന്നെ ക്രമമില്ലാത്ത കൂട്ടമായും ഉയർന്ന
'ഗുഡ് മോർണിങ് ടീച്ചർ'
ചെവിയിൽ വന്നലച്ചപ്പോൾ ആണ് ടീച്ചർ ചിന്തയിൽ നിന്നും ഉയർന്നത്. താനിനി ഗുഡ് മോണിങ് തിരിച്ചുപറയണം. രക്ഷിതാക്കളും പ്രധാനാധ്യാപകനും പിൻനിരയിൽ ക്ലാസ് കാണാനായി ഇരിപ്പാണ്.

ഗുഡ് മോണിങ് ആൾ ഓഫ് യു..

തൻെറ ശബ്ദത്തിന് ഇടർച്ചയില്ലെന്നു വരുത്താൻ ഒന്നുകൂടി ചുമച്ച് ടീച്ചർ തൊണ്ട ശരിയാക്കി.

ഇന്നത്തെ പാഠം പുഴയാണ്. മുമ്പാണെങ്കിൽ പുഴ എന്ന് ബോർഡിൽ കനപ്പിച്ചു ഒരു എഴുത്തും അതിനടിയിൽ പാലം പോലെ രണ്ടു വരയും മതിയായിരുന്നു. ഇന്നത് പോരാ. നേരത്തേ ലാപ്ടോപ്പിൽ തയാറാക്കി വെച്ച പലതും പ്രൊജക്ടർ വെച്ച് കാണിക്കണം. സ്റ്റാഫ് റൂമിൽവെച്ച് എല്ലാവരുംചേർന്ന് പഠിപ്പിച്ചുവിട്ടതാണ്. ചെന്നയുടൻ പുഴയെ കുറിച്ച് ഒരു ആമുഖം പറയണം. പിന്നെ പതുക്കെ കാഴ്ചകളിലേക്ക്. ക്ലാസ് പകർത്താൻ കാമറക്കാരനെയും ഏർപ്പെടുത്തിയിട്ടുണ്ട്. പതറാൻ പാടില്ല എന്ന് ഉള്ളിലിരുന്ന് ആരോ പറയുന്നത് കടവിലെ പുഴയുടെ നേർത്ത മൂളൽപോലെ ചെവിയിൽ വന്നലക്കുന്നുണ്ട്.

● ചിത്രീകരണം: കന്നി. എം

ക്ലാസ്മുറിയുടെ മൂലയിൽനിന്ന് കാമറതന്നെ സൂക്ഷിച്ചുനോക്കുന്നുണ്ട്. ടീച്ചർ എന്താണ് ക്ലാസ് തുടങ്ങാത്തതെന്ന ചോദ്യം പ്രധാനാധ്യാപകൻെറ പുരികക്കൊടിയിൽ ഉയരുന്നുണ്ട്. രക്ഷിതാക്കൾക്കിടയിൽ അമർത്തിയ ചിരികൾ ഉണ്ട്. ഇലകൾക്കു മുമ്പിൽ വിളമ്പുകാരനെ കാത്ത് ഇരിക്കുന്നവരെപോലെ തൻെറ കുട്ടികൾ. താൻ ബലിച്ചോറിൻെറ ഒരു ഉരുളയാണെന്നും തനിക്കു ചുറ്റിലും ബലിക്കാക്കകൾ ഊഴം കാത്ത് കടുപ്പിച്ചുനോക്കുകയാണെന്നും അമ്മിണി ടീച്ചർക്ക് തോന്നി.

പ്രിയപ്പെട്ട കുട്ടികളേ, ഇന്ന് നമ്മൾ പഠിക്കാൻ പോകുന്നത് പുഴയെ കുറിച്ചാണ്.

അയ്യോ, ഡിയർ സ്റ്റുഡൻറ്സ്... ടുഡേ വി ആർ ഗോയിങ് ടു സ്റ്റഡി എബൗട്ട് റിവർ എന്നാണല്ലോ തുടങ്ങേണ്ടിയിരുന്നത്?

വിച് റിവർ ടീച്ചർ? ഈസ് ഇറ്റ് കൽപ്പാത്തി റിവർ ഓർ ഭാരത റിവർ?

ഒന്നാം ബെഞ്ചിൽനിന്ന് ഉയർന്ന ചോദ്യത്തിന് ഉത്തരം കൊടുക്കാതെ ലെറ്റ് അസ് സീ സം വിഡിയോസ് ഓഫ് റിവർ എന്ന് തപ്പിത്തടഞ്ഞ് ടീച്ചർ പവർ പ്ലഗിൻെറ ചുകപ്പിൽ വിയർക്കുന്ന വിരൽ അമർത്തി. നൂറുവട്ടം പ്രവർത്തിപ്പിച്ചിട്ടും മെരുങ്ങാത്ത പ്രൊജക്ടർ തന്നെ നോക്കി പല്ലിളിക്കുന്നതും നിവർത്തിവെച്ച ലാപ്ടോപ് ഒരു വലിയ ജലജീവിയുടെ വാ പോലെയും തോന്നുന്നത് മറികടക്കാൻ ശ്രമിച്ച് റിമോട്ടിൽ വിരലമർത്തി. ലാപ് ടോപ്പിൻെറ പാഡിൽ വിരൽ വെച്ചപ്പോൾ സ്ക്രീനിൽ ചുറ്റിത്തിരിയുന്ന അമ്പടയാളം തനിക്കു നേരെ എപ്പോഴാണ് ബ്രഹ്മാസ്ത്രം പോലെ പാഞ്ഞുവരുകയെന്ന് പെൻഷൻ ബുക് പൂരിപ്പിച്ചുകൊടുക്കുമ്പോൾ ഉള്ള അങ്കലാപ്പോടെ ടീച്ചർ നിയന്ത്രിച്ചുനിർത്തി.

ലാപ്ടോപ്പിലെ റിവർ എന്ന ഫോൾഡർ രണ്ടു പ്രാവശ്യം അമർത്തണം. സൈമൺ മാഷിൻെറ വാക്കുകൾ ഉണ്ട് ചെവിയിൽ. പ്രൊജക്ടർ ശരിയാവുന്നില്ല, മിനി സ്ക്രീനിൽ ഉറ്റുനോക്കി ഇരുന്നവരുടെ കണ്ണുകളിൽ അക്ഷമയുടെ ഒളിയമ്പുകൾ. അവിടവിടെ ടീച്ചർ, ടീച്ചർ വിളികൾ... പിന്നെയും ടീച്ചർ റിമോട്ട് അമർത്തി. സ്ക്രീനിൽ എന്തോ ഒരു വെള്ളിവെളിച്ചം മിന്നി മറഞ്ഞുപോയി.

ടീച്ചർ, ഇതൊക്കെ നേരത്തേ പ്രിപ്പയർ ചെയ്തുവക്കണ്ടേ? എന്താ ഇങ്ങനെയൊക്കെ?

പ്രധാനാധ്യാപകനും മറ്റുള്ളവരും മേശക്കരികിലേക്ക് വരുന്നത് അമ്മിണി ടീച്ചർ കണ്ടു. എവിടെ നിന്നോ ഒരുറവ കണ്ണുകളിൽ പുഴയായി വന്നു മൂടുന്നതും ആ കുത്തൊഴുക്കിൽ താനും കുട്ടികളും നിലവിളിയോടെ അകന്നുപോകുന്നതും വലിയ ഒരു മരം കടപുഴി ഒലിച്ചുപോകുന്നതുപോലെ പ്രൊജക്ടർ നീങ്ങിപ്പോകുന്നതും കണ്ടും കേട്ടും അമ്മിണി ടീച്ചർ സ്മാർട്ട് ക്ലാസ് റൂമിൻെറ മിനുസമുള്ള നിലത്തേക്ക് പൊടുന്നനെ കുഴഞ്ഞുവീണു

യാത്ര

ഹോണ്ടുറൻ വിസ്മയങ്ങളിലൂടെ

എൻെറ യാത്രാതാൽപര്യങ്ങൾ അറിയുന്ന ഒരു സുഹൃത്ത് ചോദിച്ച ഒരു ചോദ്യമുണ്ട്: മെക്സികോയിലേക്കും കൊളംബിയയിലേക്കുമൊക്കെ പോകുന്നത് മനസ്സിലാക്കാം. പക്ഷേ, 'ഭീകര'രാജ്യമായ ഹോണ്ടുറസിൽ എന്തു കാണാനാണ് പോകുന്നത്?

മുരളി ജെ. നായർ, ഫിലഡൽഫിയ

ഹോണ്ടുറസിലേക്കുള്ള ഞങ്ങളുടെ യാത്രാപദ്ധതിയെപ്പറ്റി കേട്ടപ്പോൾ, എൻെറ യാത്രാതാൽപര്യങ്ങൾ അറിയുന്ന ഒരു സുഹൃത്ത് ചോദിച്ച ഒരു ചോദ്യമുണ്ട്: മെക്സികോയിലേക്കും കൊളംബിയയിലേക്കുമൊക്കെ പോകുന്നത് മനസ്സിലാക്കാം. പക്ഷേ, 'ഭീകര'രാജ്യമായ ഹോണ്ടുറസിൽ എന്തു കാണാനാണ് പോകുന്നത്? ഇത്തരം സംശയങ്ങളിൽ കഴമ്പുണ്ടെന്ന് ഹോണ്ടുറസ് എന്ന രാജ്യത്തിൻെറ സമീപകാല ചരിത്രത്തിലൂടെ ഒന്നു കണ്ണോടിക്കുന്ന ആർക്കും ബോധ്യമാകും.

കൊലപാതകനിരക്കിൽ ലോകത്ത് ഒന്നാം സ്ഥാനം ഹോണ്ടുറസിനാണെന്ന് കണക്കുകൾ പറയുന്നു. വർധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങളും. പിന്നെ രാഷ്ട്രീയ അസ്ഥിരതയും സാമ്പത്തിക അസമത്വങ്ങളും സൃഷ്ടിക്കുന്ന സാമൂഹികപ്രശ്നങ്ങൾ വേറെയും. 90 ലക്ഷം മാത്രമാണ് ജനസംഖ്യ. മറ്റു ലാറ്റിനമേരിക്കൻ രാജ്യക്കാരെപ്പോലെത്തന്നെ ഫുട്ബാൾ ഇവർക്കും വലിയ വികാരമാണ്.

തണുത്ത കാറ്റു വീശിയടിച്ചുകൊണ്ടിരുന്ന ഒരു ഉച്ചതിരിഞ്ഞ നേരത്താണ് ഞാനും അനിതയും ഹോണ്ടുറസിൻെറ തലസ്ഥാനമായ തെഗുസിഗൽപയിൽ വിമാനമിറങ്ങിയത്. മലകളാൽ ചുറ്റപ്പെട്ട നഗരം. സ്വാദിഷ്ടങ്ങളായ ലാറ്റിനമേരിക്കൻ വിഭവങ്ങൾ ലഭിക്കുന്ന ഭക്ഷണശാലകളും കാഴ്ചബംഗ്ലാവുകളും കത്തീഡ്രലുകളും പാർക്കുകളും മറ്റ് ആകർഷണീയതകളും ഈ നഗരത്തിനു മാറ്റുകൂട്ടുന്നു. ഭക്ഷണവിഭവങ്ങളിൽ കപ്പയും മീനും മിക്ക ഇടത്തരം ഭക്ഷണശാലകളിലും ലഭ്യമായിരുന്നു. 16ാം നൂറ്റാണ്ടിലെ സ്പാനിഷ് അധിനിവേശത്തിനുമുമ്പ് മായൻ സംസ്കാരം നിലനിന്നിരുന്ന ഈ രാജ്യത്ത് കൊളോണിയൽ ഭരണം വഴി സ്പാനിഷ് ഭാഷയും കാത്തലിക് വിശ്വാസവും സാർവത്രികമായി. കൊളോണിയൽ സംസ്കാരത്തിൻെറ ശേഷിപ്പുകളും നഗരത്തിലെങ്ങും ദൃശ്യമാണ്. എന്നാൽ, മതവിശ്വാസങ്ങളെ വെല്ലുന്ന ആധുനിക ജീവിതരീതിയാണ് ഏറ്റവും കൂടുതൽ അനുഭവവേദ്യമാകുന്നത്.

നഗരാതിർത്തിയിലുള്ള പിക്കാച്ചോയിലെ ക്രിസ്തുപ്രതിമ (Cristo del Picacho) സവിശേഷ ആകർഷണീയതയാണ്. 1998 പണി പൂർത്തിയായ ഈ ശിൽപത്തിന് 2500 ടൺ ഭാരവും 98 അടി പൊക്കവുമുണ്ട്. നഗരത്തിലെ നിശാജീവിതവും ജീവസ്സുറ്റതാണ്. അപകടങ്ങളായ സ്ഥലങ്ങൾ ഒഴിവാക്കണമെന്ന് ഹോട്ടൽ ജീവനക്കാരും ടൂറിസ്റ്റ് ഗൈഡുകളും തരുന്ന കർശനനിർദേശങ്ങൾ പാലിച്ചുകൊണ്ടുതന്നെ, കണ്ണും കാതും എപ്പോഴും തുറന്നുവെച്ചാൽ തെരുവുകളിൽ പതിയിരിക്കുന്ന ആകസ്മികതകൾക്കൊപ്പം നിശാജീവിതത്തിൻെറ തുടിപ്പുകളും ഹൃദയത്തിൽ തൊടുന്നതറിയാം.

തെഗുസിഗൽപയിൽ ചെലവഴിച്ച രണ്ടു ദിവസങ്ങൾക്കുശേഷം രാജ്യത്തിൻെറ വടക്കുഭാഗത്തുള്ള ലാസീബ എന്ന തീരദേശപട്ടണമായിരുന്നു ഞങ്ങളുടെ അടുത്ത ലക്ഷ്യം. അതിരാവിലെത്തന്നെ ലാസീബയിലേക്കുള്ള ബസ് പിടിക്കാനായി നഗരത്തിലെ പ്രധാന ബസ്സ്റ്റേഷനിലെത്തി. ടിക്കറ്റിനു കുറെസമയം ക്യൂ നിൽക്കേണ്ടിവന്നു. ബസിൽ കയറുന്നതിനുമുമ്പ് ബാഗ് പരിശോധനയുണ്ടായിരുന്നു. യാത്രക്കാരെല്ലാം കയറിക്കഴിഞ്ഞ് ആ പരിശോധക ബസിനു ചുറ്റും നടക്കുന്നതു കണ്ടു.

കേരളത്തിലെ ഗ്രാമാന്തരങ്ങളിലൂടെയുള്ള ബസ് യാത്രയെ അനുസ്മരിപ്പിക്കുന്നതായിരുന്നു ലാസീബയിലേക്കുള്ള യാത്രയും. നിരപ്പായ സ്ഥലങ്ങളിൽ എങ്ങും കാണപ്പെടുന്ന വാഴത്തോട്ടങ്ങൾ എടുത്തുപറയത്തക്ക ഒരു സവിശേഷതയാണ്. 19ാം നൂറ്റാണ്ടിൻെറ അവസാനം അമേരിക്കൻ കാർഷികകമ്പനികൾക്ക് രാജ്യം തുറന്നുകൊടുക്കപ്പെട്ടതിനുശേഷമാണ് വാഴകൃഷി ഇവിടെ വ്യാപകമായത്. ഇത്തരം കമ്പനികളുടെ സുരക്ഷക്കായി 20ാം നൂറ്റാണ്ടിൻെറ ആദ്യവർഷങ്ങളിൽ അമേരിക്കൻ പട്ടാളത്തിനു പലതവണ ഹോണ്ടുറസിൽ ഇറങ്ങേണ്ടിവന്നിരുന്നുവെന്ന് ചരിത്രം പറയുന്നു.

1904ൽ പ്രശസ്ത അമേരിക്കൻ കഥാകൃത്ത് ഒ. ഹെൻറി 'ബനാനാ റിപ്പബ്ലിക്' എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് ഈ രാജ്യത്തെ വിശേഷിപ്പിക്കാനാണ്. ധാതുനിക്ഷേപങ്ങളും കാപ്പി, കരിമ്പ് തുടങ്ങിയ നാണ്യവിളകളും സമൃദ്ധമായ പഴവർഗകൃഷിയും ഒക്കെയുണ്ടെങ്കിലും ഹോണ്ടുറസ് അമേരിക്കൻ വൻകരയിലെ പാവപ്പെട്ട രാജ്യങ്ങളിലൊന്നായി നിലകൊള്ളുന്നു. കൃഷിയും പഴവർഗങ്ങളുടെ കയറ്റുമതിയുമാണ് പ്രധാന ഉപജീവനമാർഗങ്ങളെങ്കിലും അന്താരാഷ്ട്ര വിപണിയിൽ വളർന്നുവരുന്ന ഒരു വസ്ത്രവ്യവസായവും ഈ രാജ്യത്തിനുണ്ട്. ടൂറിസ്റ്റുകൾ കൂടുതലും വരുന്നത് വടക്കുഭാഗത്തുള്ള ലാസീബ എന്ന തീരദേശ പട്ടണത്തിലേക്കും പിന്നെ റോവട്ടാൻ ദ്വീപിലേക്കുമാണ്.

ഏതാനും മണിക്കൂറുകളുടെ ബസ് യാത്രക്കുശേഷം ഞങ്ങൾ ലാസീബയിൽ എത്തി. അമേരിക്കയിൽ ജനിച്ചുവളർന്ന ഉടമസ്ഥൻ നേരിട്ടു നടത്തുന്ന ചെറിയ ബീച്ച് ഹോട്ടലായിരുന്നു ബുക്ക് ചെയ്തിരുന്നത്. അദ്ദേഹം അയച്ച ഡ്രൈവർ ഞങ്ങളുടെ പേരെഴുതിയ പ്ലക്കാർഡും പിടിച്ച് ബസ് സ്റ്റേഷനിൽ നിന്നിരുന്നു. ഹോട്ടലിലേക്കുള്ള വഴിവക്കിൽ പഴവർഗങ്ങൾ വിൽക്കുന്ന ധാരാളം പെട്ടിക്കടകൾ.

ബീച്ചിനോടു ചേർന്ന്, ഏതാനും മുറികളും ഒരു ബാറും സ്വിമ്മിങ്പൂളുമൊക്കെയായി മനോഹരമായി അലങ്കരിക്കപ്പെട്ട ഒരു ചെറിയ ഇടമായിരുന്നു ആ ഹോട്ടൽ. ഉടമസ്ഥൻെറ ആതിഥ്യമര്യാദ ഞങ്ങളെ ശരിക്കും വിസ്മയിപ്പിച്ചു.

പിറ്റേന്ന് അതിരാവിലെ വീണ്ടും ബീച്ചിൽ നടക്കാനിറങ്ങി. കേരളത്തെ അനുസ്മരിപ്പിക്കുന്ന കടൽത്തീരം. എന്നാൽ, ഒരേയൊരു വ്യത്യാസം കണ്ണെത്തുംദൂരത്ത് വേറൊരു മനുഷ്യജീവിയുമുണ്ടായിരുന്നില്ല! ആകെ കേൾക്കുന്ന ശബ്ദം കടലിൻെറ നേരിയ ഇരമ്പലും പക്ഷികളുടെ സംഗീതവും പിന്നെ ഇടക്കിടെ കടൽകരയിലെ ഒരു വീട്ടിലെ പൂവൻകോഴി കൂവുന്ന ശബ്ദവും മാത്രം! പ്രഭാതസൂര്യൻ പൊന്നുരുക്കിയൊഴിച്ചുകൊണ്ടിരുന്ന ആ ബീച്ചിലൂടെയുള്ള നടത്തം ഞങ്ങൾ ശരിക്കും ആസ്വദിച്ചു. അന്നത്തെ ടൂർ പ്രോഗ്രാമിൽ ഉണ്ടായിരുന്ന ഇനങ്ങൾ സിപ് ലൈനിങ്, ട്രക്കിങ്, മഡ് ബാത്, ഹോട്ട് വാട്ടർബാത് എന്നിവയായിരുന്നു.

ജീവിതത്തിലാദ്യമായി സിപ് ലൈനിങ് ചെയ്തത് ഒരു അവിസ്മരണീയ അനുഭവമായി. കാടിൻെറ വൃക്ഷനിബിഡതക്കു മുകളിലൂടെ, വലിയ ഉയരമുള്ള മരങ്ങൾക്കിടയിൽ ബന്ധിപ്പിച്ചിട്ടുള്ള ഇരുമ്പുകയറുകളിൽ കപ്പി വഴി ഘടിപ്പിച്ചിട്ടുള്ള പ്രത്യേക ഹാർനെസിൽ തൂങ്ങിക്കിടന്ന് നമ്മുടെ ശരീരഭാരത്തിൻെറ ഗ്രാവിറ്റികൊണ്ടുമാത്രം അതിവേഗത്തിൽ ഊർന്നു യാത്രചെയ്യുന്നത് ഒരു പ്രത്യേക അനുഭൂതിയാണ്. തൂങ്ങിക്കിടന്നുകൊണ്ട് കാടിനെ വീക്ഷിക്കുന്നത് ഒരു പ്രത്യേക 'പെർസ്പെക്ടിവ്' നമുക്കു തരുന്നുണ്ടെന്ന് എനിക്കു തോന്നി, കാടിനെപ്പറ്റിയും പിന്നെ ജീവിതത്തെപ്പറ്റിത്തന്നെയും!

മണ്ണുകൊണ്ടുള്ള മസാജും അതിനുശേഷം പ്രകൃതിദത്തമായ ഉഷ്ണജലാശയത്തിലൊരു കുളിയും ശരീരത്തിനും മനസ്സിനും ഒരുപോലെ ഉണർവേകി.

ലാസീബയിലെ കടൽവിഭവമായ ലോബസ്റ്റർ വളരെ ആസ്വാദ്യകരമാണെന്നു കേട്ടിരുന്നതുകൊണ്ട് അന്നത്തെ ലോബസ്റ്റർ ഡിന്നർ തലേന്നുതന്നെ ബുക്ക് ചെയ്തിരുന്നു. ഈ അനുഭവങ്ങളെല്ലാമായിട്ടാണ് മടക്കയാത്രയിൽ അയൽരാജ്യമായ എൽസാൽവഡോറിലേക്കുള്ള ഫ്ലൈറ്റിനു തെഗുസിഗൽപ എയർപോർട്ടിൽ ചെക്ക് ഇൻ ചെയ്യാൻ ലൈനിൽ നിന്നത്.

എയർപോർട്ട് ഉദ്യോഗസ്ഥൻെറ ചോദ്യം അപ്രതീക്ഷിതമായിരുന്നു: നിങ്ങൾ ഇവിടെ ബിസിനസ് ആവശ്യത്തിനു വന്നതാണോ? അമേരിക്കൻ കടകളിൽ കിട്ടുന്ന വസ്ത്രങ്ങളിൽ കാണുന്ന 'മെയ്ഡ് ഇൻ ഹോണ്ടുറസ്' ലേബലുകളും പഴവർഗങ്ങളിൽ കാണുന്ന 'പ്രോഡക്ട് ഓഫ് ഹോണ്ടുറസ്' സ്റ്റിക്കറുകളും ഞാൻ പെട്ടെന്നോർത്തു. ഒരുപക്ഷേ, ഈ ഉദ്യോഗസ്ഥൻ എന്നെയും അനിതയെയും വസ്ത്രവ്യാപാരികളായോ പഴക്കച്ചവടക്കാരായോ തെറ്റിദ്ധരിച്ചുകാണുമോ?

അല്ല, ഞങ്ങൾ ടൂറിസ്റ്റുകളാണെന്ന് എൻെറ മറുപടി. ടൂറിസ്റ്റുകളോ? ഉദ്യോഗസ്ഥൻെറ മുഖത്ത് അതിശയം. തെഗുസിഗൽപയിൽ ആരും ടൂറിസ്റ്റുകളായി വരാറില്ല. അതിരിക്കട്ടെ എങ്ങനെയിരുന്നു നിങ്ങളുടെ ടൂറിസ്റ്റ് അനുഭവം?

ഞാൻ പറഞ്ഞു: വളരെ നന്നായിരുന്നു. ഈ നാട് സുന്ദരമാണ്.

നിങ്ങൾക്ക് പ്രശ്നങ്ങളൊന്നുമുണ്ടായില്ലല്ലോ? അദ്ദേഹത്തിൻെറ ചോദ്യം വീണ്ടും. ഇല്ല, എല്ലാം വളര ആസ്വാദ്യകരമായിരുന്നു. എന്നാൽ, അതു നിങ്ങൾ തിരികെച്ചെന്ന് എല്ലാവരോടും പറയണം. എന്നാലേ എൻെറ രാജ്യത്തിൻെറ ദുഷ്പേര് ഒന്നു മാറിക്കിട്ടൂ, ബോഡിങ് പാസുകളും പാസ്പോർട്ടുകളും നീട്ടി അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു. ആ എയർപോർട്ട് ഉദ്യോഗസ്ഥൻെറ മുഖത്തുകണ്ട സന്തോഷം ഞങ്ങളുടെ ഹോണ്ടുറൻ വിസ്മയാനുഭവത്തിൻെറ പ്രതിഫലനമാണ് എന്ന വിശ്വാസത്തോടെയാണ് അടുത്ത ലക്ഷ്യസ്ഥാനമായ സാൽവഡോറിലേക്കു വിമാനം കയറിയത്.

ലേഖകൻ ലാസിബ ബീച്ചിൽ

പുസ്തകം



നിലത്തെഴുത്ത്
കണിമോൾ
പേജ്: 80, വില: 75.00
ഡി.സി ബുക്സ്

നിശ്ശബ്ദതകൊണ്ട് വാചാലമാകുന്ന കാവ്യഭാഷയിൽ നിന്ന് വിരിഞ്ഞ 42 കവിതകൾ. പ്രഫ. കെ.പി. ശങ്കരൻെറ അവതാരിക. അ, ആനയും അന്ധനും മായയും, ഇടുക്കുതൊഴുത്ത്, സഖാവ്, ഉറുമ്പ് തുടങ്ങിയ കവിതകൾ ശ്രദ്ധേയം.



പത്മാവതി അഗ്നിയിൽ ജ്വലിച്ച ചരിത്രമോ?
മാനിനി മുകുന്ദ
പേജ്: 112, വില: 99.00
കറൻറ് ബുക്സ്

ചരിത്രത്തിൽ പത്മാവതിയെ രേഖപ്പെടുത്തിയിരിക്കുന്നത് എവിടെയാണെന്ന് അന്വേഷിക്കുന്നു. പത്മാവതിയെ ചരിത്രത്തിൽ അടയാളപ്പെടുത്തിയില്ലെങ്കിൽ പിന്നെ എവിടെയാണ് എന്ന ചോദ്യങ്ങൾക്കുള്ള വിശദീകരണങ്ങൾ.



വിരലുകൾ കോർത്തിണക്കുന്ന രണ്ടാത്മാക്കളുടെ സർക്യൂട്ട്
അയ്യപ്പൻ ആചാര്യ
പേജ്: 154, വില: 150.00
കറൻറ് ബുക്സ്

അയ്യപ്പൻ ആചാര്യയുടെ ആദ്യ കവിതസമാഹാരം. സൗഹൃദങ്ങളുടെ തീക്ഷ്ണതയെ കടും വർണങ്ങളിൽ തൻെറ ജീവിതത്തിൻെറ കാൻവാസിൽ എങ്ങനെ വരച്ചുചേർത്തിരിക്കുന്നു എന്ന് കവിതകളിലൂടെ വിവരിക്കുന്നു.

ബുദ്ധനിലേക്ക് എത്ര ദൂരം?
രാജൻ പെരുന്ന
പേജ്: 167, വില: 120.00
നോവിസ് ബുക്സ്

ധ്യാനാനുഭവങ്ങളിലൂടെ ബുദ്ധനിലേക്കുള്ള സഞ്ചാരം. ധ്യാനത്തിൻെറ മനോ ശരീര സ്വാധീനങ്ങൾക്കൊപ്പം ഗൗതമബുദ്ധൻെറ ജീവിതത്തിലേക്കുള്ള യാത്രകൂടിയാണ് ഈ കൃതി. ഭാരതീയ ചരിത്രത്തിൻെറ ഏടുകളിലേക്കുള്ള എത്തിനോട്ടം കൂടിയാകുന്നു കൃതി.

ഓൺലൈൻ
മനക്കൽ രാധാകൃഷ്ണൻ
പേജ്: 160, വില: 120.00
എച്ച് & സി ബുക്സ്

ഓൺലൈൻ ലോകം മുന്നോട്ടുവെക്കുന്ന സാധ്യതകൾ വിശദീകരിക്കുന്ന കൃതി. തൊഴിലുകൾ, ധനമിടപാടുകൾ, ബിൽ പേമെൻറുകൾ തുടങ്ങിയ സാധ്യതകൾ ലളിതമായ വിശദീകരണങ്ങളിലൂടെ വായനക്കാർക്കു മുന്നിൽ അവതരിപ്പിക്കുന്നു.

കാക്കാരിശ്ശിയും ചവിട്ടുനാടകവും
ജോസി ഫോക്‌ലോർ
പേജ്: 176, വില: 170.00
ചിന്ത പബ്ലിഷേഴ്സ്

കാക്കാരിശ്ശി നാടകം, ബ്രിജീന ചരിത്രം, ചവിട്ടുനാടകം എന്നിവയെ സംബന്ധിച്ച ചരിത്ര പഠനം. കലാസ്നേഹികൾക്കും കലാകാരന്മാർക്കും വിദ്യാർഥികൾക്കും പ്രയോജനകരമായ റഫറൻസ് ഗ്രന്ഥം.

വിമത മർമ്മരങ്ങൾ
പ്രതാപൻ തായാട്ട്
പേജ്: 146, വില: 120.00
ഹരിതം ബുക്സ്

മലയാളിക്ക് അത്ര പരിചിതമല്ലാത്ത ശക്തവും തീക്ഷ്ണവുമായ ജീവിതാനുഭവക്കുറിപ്പുകൾ. ദുരിതങ്ങളും പീഡകളും സമ്മാനിച്ച പ്രവാസ ജീവിതത്തിൻെറയും യാത്രാനുഭവങ്ങളുടെയും ഓർമക്കുറിപ്പുകൾ.

മരണ സങ്കീർത്തനം
ഇ.എം. ഹാഷിം
പേജ്: 118, വില: 100.00
സൈകതം ബുക്സ്

കഥാപാത്രം മരണാനന്തരം അനുഭവിക്കുന്ന മനോവ്യഥയാണ് ഈ നോവലിലെ മുഖ്യ പ്രമേയം. മലയാളത്തിൽ ഇതുവരെ ഉപയോഗിച്ചിട്ടില്ലാത്ത ആഖ്യാനശൈലിയാണ് നോവലിസ്റ്റ് ഉപയോഗിച്ചിരിക്കുന്നത്.

● പ്രജേഷ് സെൻ

ക്യാപ്റ്റൻെറ വി'ജയ'ഗോൾ

വി.പി. സത്യനെന്ന കാൽപന്തിൻെറ ഇതിഹാസത്തെ അഭ്രപാളിയിൽ അവതരിപ്പിച്ച ജയസൂര്യ പറയുന്നു, 'ക്യാപ്റ്റ'നെക്കുറിച്ച്...

അഭിമുഖം



● ചിത്രം: ലെബിസൺ ഗോപി

● ജയസൂര്യ

ജയസൂര്യ / മുഹമ്മദ് ഷാമോൻ

സൂര്യപ്രഭയിൽ തിളങ്ങിനിൽക്കുന്ന ജയാരവങ്ങൾ നിറഞ്ഞ മൈതാനംപോലെയാണ് ജയസൂര്യയുടെ മുഖം. വി.പി. സത്യനെന്ന കാൽപന്തിൻെറ ഇതിഹാസത്തെ അഭ്രപാളിയിൽ അനശ്വരമാക്കിയതിൻെറ ആശ്വാസവും അഭിമാനവും ആ കണ്ണുകളിൽ കാണാനാകും. നിശ്ശബ്ദ നായകനായെത്തി, വെല്ലുവിളികൾനിറഞ്ഞ ഒരുപിടി കഥാപാത്രങ്ങളെ 'പ്രതിരോധിച്ച്' നേടിയ ജയം ഒടുവിൽ ഇതുവരെയുള്ള അഭിനയജീവിതത്തിലെ 'ക്യാപ്റ്റൻ' പരിവേഷത്തിലെത്തിച്ചിരിക്കുകയാണ്. കൂടാതെ, തുടർച്ചയായ മൂന്നാമത്തെ സിനിമയുടെ വിജയത്തിലും. പ്രജേഷ് സെന്നിൻെറ സംവിധാനത്തിൽ പിറന്ന 'ക്യാപ്റ്റൻ' സിനിമയെക്കുറിച്ച് നടൻ ജയസൂര്യ സംസാരിക്കുന്നു.

സത്യേട്ടനുള്ള ആദരവാണ് ക്യാപ്റ്റൻ

ഐ.എം വിജയൻ പറഞ്ഞു, "ജയാ, എനിക്ക് അറിയാവുന്നതാണല്ലോ സത്യേട്ടനെ. അതിഗംഭീരമായി ചെയ്തിട്ടുണ്ട്. ഞാൻ കരഞ്ഞുപോയി". 'ഒരു സ്പോർട്സ്മാൻെറ വാക്കുകളാണത്. എനിക്ക് ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരം. ക്യാപ്റ്റനിലെ സത്യൻ ഞാൻ ഇതുവരെ അഭിനയിച്ച സിനിമകളിൽ ഏറ്റവും മികച്ച കഥാപാത്രമാണെന്ന് പ്രേക്ഷകർ പറയുന്നു. ഒരുപാട് സന്തോഷം നൽകുന്ന നിമിഷമാണ്. സത്യനെന്ന, കാലം മറന്ന സമാനതകളില്ലാത്ത കാൽപന്തുകളിക്കാരനുള്ള ആദരവാണ് ഈ സിനിമ. സ്ക്രീനിൽ ജയസൂര്യയെയല്ല വി.പി. സത്യനെയാണ് കാണാൻ സാധിക്കുന്നതെന്ന് പലരും വിളിച്ചുപറഞ്ഞു. ഏറെ സന്തോഷത്തിലാണ് ഞാൻ.

കഥാപാത്രങ്ങളാണ് മേൽവിലാസം

'ജയസൂര്യയുടെ' മേൽവിലാസം ഒരുപറ്റം കഥാപാത്രങ്ങളാണ്. കഥാപാത്രങ്ങളിൽ കൂടിതന്നെയാണ് ഞാൻ അറിയപ്പെടുന്നത്. കരിയറിലെ ഏറ്റവും നല്ല സിനിമ ക്യാപ്റ്റനാണെന്ന് ആളുകൾ പറയുമ്പോഴും ഞാൻ വിശ്വസിക്കുന്നത് ഇതുവരെ ചെയ്തതിൽ ഏറ്റവും നല്ല കഥാപാത്രമെന്ന് മാത്രമാണ്. ഒരു നടനെ സംബന്ധിച്ച് വ്യത്യസ്തമായ അഭിനയ സാധ്യതകൾ സൃഷ്ടിക്കുന്ന കഥാപാത്രങ്ങൾ ലഭിക്കുകയെന്നതാണ് ഭാഗ്യം. ഇനിയും നല്ല സിനിമകൾ ചെയ്യാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

'ജയസൂര്യ' എന്ന വ്യക്തി ഇല്ല

ഒരു സിനിമക്കുവേണ്ടി മാത്രമല്ല, ഓരോ സിനിമക്കും കഥാപാത്ര പൂർണതക്കായി നന്നായി പ്രയത്നിക്കാറുണ്ട്. ഏറെ മാനസിക സമ്മർദങ്ങൾ തരുന്നതാകും ചില വേഷങ്ങൾ. ബ്യൂട്ടിഫുൾ, സു..സു...സുധി വാത്മീകം, പുണ്യാളൻ അഗർബത്തീസ്, ഇയ്യോബിൻെറ പുസ്തകം, അപ്പോത്തിക്കിരി, ആട് തുടങ്ങിയ ചിത്രങ്ങളിലെ വേഷങ്ങളെല്ലാം വലിയ അധ്വാനങ്ങളുടെ ഫലമാണ്. ഈ കഥാപാത്രങ്ങളിലെല്ലാം 'ജയസൂര്യ' എന്ന വ്യക്തി ഇല്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. കളിക്കാരൻെറ ആത്മസംഘർഷങ്ങൾ നിറയുന്നതാണ് ക്യാപ്റ്റൻ. മറ്റു സിനിമകളിൽ വൈകാരികത കൂടുതലായി അവതരിപ്പിക്കേണ്ട ചില സീനുകൾ മാത്രമേ ഉണ്ടാകൂ. എന്നാൽ, ഇതിൽ കഥാപാത്രം ഡിപ്രഷനിലേക്ക് പോകുന്ന സീനുകൾ അടക്കമുണ്ട്. തുടക്കം മുതൽ സിനിമ അത്തരം ഭൂമികയിലൂടെയാണ് സഞ്ചരിക്കുന്നത്.

മൈതാനം എൻെറ ഇടമായിരുന്നില്ല

ഫുട്ബാൾ കൈകൊണ്ട് തൊടാത്ത ഞാനാണ് രാജ്യത്തിൻെറ ഇതിഹാസമായ വി.പി. സത്യനെ അവതരിപ്പിച്ചത്. എന്നാൽ സിനിമ കണ്ടാൽ അത് തോന്നില്ല. സത്യൻ ഫുട്ബാളിനെ എത്രമാത്രം സ്നേഹിച്ചോ അത്രമാത്രംതന്നെ ആ സമയങ്ങളിൽ ഞാനും സ്നേഹിച്ചിരുന്നു. സിനിമയിൽ മകൻ ആദി 'എൻെറ' ബാല്യകാലം അവതരിപ്പിക്കുന്നുണ്ട്. അവന് ഫുട്ബാൾ എന്നെക്കാൾ നന്നായി കളിക്കാനറിയാം. ചെറുപ്പത്തിൽ ആരോഗ്യ കാരണങ്ങളാൽ മൈതാനത്ത് എനിക്ക് ഇടം കണ്ടെത്താനായില്ല. അത് പരിഹരിച്ചത് പിന്നീട് മിമിക്രി വേദിയിലൂടെയാണ്. അതിനാൽതന്നെ കളിക്കാര്യങ്ങളിൽ അത്ര താൽപര്യം ഉണ്ടായിട്ടില്ല.

മറക്കാനാകാത്ത നിമിഷമായിരുന്നു അത്

കൊച്ചിയിൽ പി.വി.ആറിലാണ് ഞാൻ ക്യാപ്റ്റൻ കണ്ടത്. സിനിമ കഴിഞ്ഞ് സത്യേട്ടൻെറ അവസാന ഫോട്ടോ കാണിക്കുന്നതുവരെ തിയറ്ററിൽ ആൾക്കാർ ഇരിക്കുന്നത് ഒരു പ്രത്യേക കാഴ്ചയായിരുന്നു. സിനിമ കഴിഞ്ഞപ്പോൾ തിയറ്റിൽ ഇരുന്നവർ ഒന്നടങ്കം തിരിഞ്ഞുനിന്ന് എന്നെ നോക്കി കൈയടിച്ചു. അങ്ങനൊരു നിമിഷം അഭിനയ ജീവിതത്തിൽ ആദ്യമായിരുന്നു. അതുപോലെ തന്നെയായിരുന്നു ഷൂട്ടിങ്ങും. ഞാൻ ഹൃദയം കൊടുത്ത്ചെയ്ത സിനിമയാണിത്. നമ്മൾ മുൻകൂട്ടിയുള്ള പ്രവചനങ്ങളില്ലാതെയാണ് ചിലപ്പോൾ അഭിനയിക്കുന്നത്. നമ്മൾ ചെയ്യുന്നത് എന്തെന്ന് നമ്മൾ അറിയില്ല. സിനിമയുടെ ആദ്യപകുതിക്കു മുമ്പ് അനു സിത്താരയെ പിടിച്ചു തള്ളുന്ന രംഗമുണ്ട്. സത്യത്തിൽ അത് സ്ക്രിപ്റ്റിൽ ഇല്ലായിരുന്നു. എന്നാൽ അത് സംഭവിച്ചു. ശരിക്കും തള്ളിപ്പോയി. ഷൂട്ട് കഴിഞ്ഞ് ഞാൻ മാപ്പ് പറഞ്ഞു. പ്രസൻസിൽ ജീവിച്ച് അഭിനയിച്ച സിനിമയാണ്. അടുത്തനിമിഷം എന്തെന്ന് വിധിക്കാതെ അഭിനയിച്ച സിനിമ എന്നുപറയാം. അനുസിത്താരയും സത്യേട്ടൻെറ ഭാര്യ അനിതയുടെ വേഷം നന്നായി അവതരിപ്പിച്ചു.

മൂന്നു മാസം തയാറെടുത്തു

ബയോപിക് സത്യമായിരിക്കണം, സത്യസന്ധത നിറഞ്ഞതായിരിക്കണം. അതിനാൽ സത്യേട്ടൻെറ ജീവിതത്തിൽ ഇല്ലാത്തത് ഒന്നും സിനിമയിൽ കാണിച്ചിട്ടില്ല. സംവിധായകൻ പ്രജേഷ് സെൻ ഒരു സിനിമക്കുവേണ്ടി വർഷങ്ങൾ ചെലവാക്കിയത് വലിയൊരു കാര്യമാണ്. മൂന്നുമാസം ഈ സിനിമക്കുവേണ്ടിയുള്ള തയാറെടുപ്പിനായി ഞാൻ മാറ്റിവെച്ചു. നല്ല തടിയായിരുന്നു ആ സമയം. കായികതാരത്തിൻെറ ശരീരഘടനയിലേക്ക് മാറാൻ ശ്രമപ്പെട്ടു. ആഹാരത്തിലും വ്യായാമത്തിലും ക്രമീകരണങ്ങൾ കൊണ്ടുവന്നു. ജീവിതത്തിൽ ഒരിക്കലും ഞാൻ നേരിട്ടുകണ്ടിട്ടില്ലാത്ത വ്യക്തിയാണ് സത്യൻ. അദ്ദേഹത്തിൻെറ കളിയുടെ വിഡിയോപോലും ലഭ്യമായിരുന്നില്ല. അദ്ദേഹത്തിൻെറ ഭാര്യയിൽനിന്നും സൗഹൃദങ്ങളിൽനിന്നും ചോദിച്ചു ചോദിച്ച് മനസ്സിലാക്കിയതാണ് എല്ലാം. അങ്ങനെയാണ് ജീവിതത്തിൽ കണ്ടിട്ടില്ലാത്തയാളെ മനസ്സിൽ രൂപപ്പെടുത്തിയത്. കുരികേശ് മാത്യു, ഷറഫലി എന്നിവർ അതിന് ഒരുപാട് സഹായിച്ചു. അവരുടെ കണ്ണുകളിൽ ഞാൻ അവർക്കൊപ്പം മൈതാനത്ത് ബൂട്ടിട്ടിറങ്ങിയ അവരുടെ സത്യൻ ആയിരുന്നു. സത്യേട്ടൻെറ ജാക്കറ്റ്, ബെൽറ്റ് എല്ലാം എനിക്ക് കൃത്യമായിരുന്നു. സിനിമയിൽ ഞാൻ ഉപയോഗിച്ചതും അതാണ്. ദംഗൽ, മേരികോം, ബാഗ് മിൽക്ക ബാഗ് പോലെ ഹിന്ദിയിൽ ബയോപിക് സിനിമകൾ ഇറങ്ങിയിട്ടുണ്ട്. എന്നാൽ, മലയാളത്തിൽ എടുത്തുവെക്കാൻ അങ്ങനൊരു സിനിമയില്ലായിരുന്നു. ഇപ്പോ അത് മാറി.

പുതിയ സിനിമ

പുതിയത് ഞാനും രഞ്ജിത്തും ചേർന്ന് നിർമിക്കുന്ന സിനിമയാണ്. അതിൻെറ പണിപ്പുരയിലാണിപ്പോൾ.

● വി.പി. സത്യൻ

ഡോക്യുമെൻററി

13 മിനിറ്റ് മാത്രം ദൈർഘ്യമുള്ള 'ടൂറിസം കലാമിറ്റി' എന്ന ഡോക്യുമെൻററി കുട്ടനാടിൻെറ വിനോദ സഞ്ചാര ദുരന്തങ്ങളുടെയും ജല മലിനീകരണത്തിൻെറയും ആഴം വിളിച്ചുപറയുന്നു



വിനോദസഞ്ചാരം ദുരന്തമാകുമ്പോൾ

യു. ഷൈജു

തലശ്ശേരിയിലെ പെട്ടിപ്പാലം, കോഴിക്കോട്ടെ ഞെളിയൻപറമ്പ്, തിരുവനന്തപുരം എല്ലാം മാലിന്യങ്ങളുടെ നാറ്റംകൊണ്ട് കേരളം മുഖം പൊത്തി നിന്നതാണ്. ഇങ്ങനെ മൂക്ക് മറച്ച് കേരളത്തിൽ സഞ്ചരിക്കുന്പോൾ ദൈവത്തിൻെറ സ്വന്തം നാട് ഒരു നാറ്റക്കേസായി മാറിയെന്ന് പലരും അടക്കംപറയും. അല്ല, പലപ്പോഴും ഉറക്കെത്തന്നെ പറയും. മൂക്ക് പൊത്തിപ്പിടിച്ച് രക്ഷപ്പെടുന്പോൾ കൂടെക്കൊണ്ടുപോകുന്നത് രോഗങ്ങളും കൂടിയാണ്.

സംവിധായകൻ അനി മങ്ക്

ഇങ്ങനെ രോഗത്തെ കൂടെക്കൂട്ടുന്നതിൽ പുകൾപെറ്റ നാടാണ് ആലപ്പുഴ. മഴ മാനത്ത് കണ്ടാൽ പെയ്തിറങ്ങുന്ന രോഗത്തെയാണ് ഇവിടത്തുകാർ ഭയപ്പെടുന്നത്. തോടും കുളവും എന്തിന് വീട്ടുമുറ്റവും രോഗഭീഷണിയിൽ നിറയും. ഇത്രയും പറഞ്ഞത് നമ്മുടെ നാടിൻെറ സൗന്ദര്യത്തിൻെറ അഹങ്കാരമായ കുട്ടനാടിനെക്കുറിച്ച് പതിവ് പായ്യാരം ആവർത്തിക്കാനാണ്. ആവർത്തന വിരസത തോന്നില്ല. കാരണം, കുട്ടനാട് ലോകത്തിൻെറതന്നെ പൈതൃകപട്ടികയിൽ ഇടം നേടിയതാണ്. പരാതികൾ ആവർത്തിക്കുന്പോഴെങ്കിലും നേരിയ പരിഹാരം പ്രതീക്ഷിക്കാമെന്നാണ് മലയാളിയുടെ വർത്തമാനം.

പ്രകൃതിവിഭവങ്ങളുടെ മേൽ കടന്നാക്രമണമല്ല ഇവിടെ നടന്നത്. മെല്ലെമെല്ലെ വിസ്തൃതമായ ഈ പച്ച ഭൂമിയെ പച്ചക്ക് മയക്കി വധിക്കാനാണ് ശ്രമിച്ചത്. സ്വാമിനാഥൻ കമീഷൻ എന്ത് പറഞ്ഞോ അത് മടക്കിവെച്ച് കല്ല് കെട്ടിയിറക്കി പണം കീശയിലാക്കാൻ കഴിഞ്ഞു. കുട്ടനാടിനെ വെള്ളത്തിലാക്കി പാക്കേജ് കാറ്റിൽ പറന്നു. ഇതൊക്കെ പറഞ്ഞ് സിനിമ വരെ വന്ന നാട്ടിലാണ് ഒരു ചെറു ആവിഷ്കാരം പുറത്തുവന്നത്. കേവലം 13 മിനിറ്റ് മാത്രം ദൈർഘ്യമുള്ള 'ടൂറിസം കലാമിറ്റി' എന്ന ഡോക്യുമെൻററി. പേര് കേട്ടപ്പോഴേ പലരുടെയും ഹാലിളകി. കലാമിറ്റി എന്ന പേര് മാറ്റണം. ദുരന്തം എന്ന വാക്ക് സഹിക്കാവുന്നതിലുമപ്പുറമാണ്. മാത്രവുമല്ല, പ്രകൃതിക്കു വേണ്ടി വികൃതി കാട്ടിയ ദേവികുളം എന്ന സ്ഥലത്തിൻെറ പച്ചപ്പിന് മുൻകൈയെടുത്ത ഐ.എ.എസുകാരൻ ശ്രീറാം വെങ്കിട്ടരാമൻ നാടിന് സമർപ്പിച്ചു എന്നുകൂടി കേട്ടതോടെ ഡോക്യുമെൻററി തന്നെ ദുരന്തമാണെന്ന് വിധിച്ചു.

ഇനി ഈ ചലിക്കുന്ന ചിത്രവിവരണം എന്താണെന്നല്ലേ. കുട്ടനാടിനെക്കുറിച്ച് പതിവ് പരാതി പറയുന്ന ഇടക്കും ഒടുക്കവും സുഖിപ്പിക്കുന്ന രീതിയല്ല നടത്തിയത്. ചിത്രവിവരണങ്ങളുടെ പതിവ് ചട്ടത്തെ മാറ്റിവെച്ച് പരിസ്ഥിതി വർത്തമാനങ്ങളുടെ ആഗോള പ്രതിഭാസങ്ങളെ വിളന്പുന്ന ന്യൂസ് റൂമിലെ വായാടികളെ മാറ്റിനിർത്തി, കുട്ടനാടിനെ കണ്ട് പരിചയിച്ചവരും, അവിടത്തെ വെള്ളത്തിൽ കുളിച്ചും കളിച്ചും വളർന്നവരുടെ വിവരണങ്ങളിലൂടെയാണ് ചിത്രത്തിൻെറ സഞ്ചാരം. കുട്ടനാടിൻെറ വിനോദസഞ്ചാര ദുരന്തങ്ങളുടെ ആഴം വിളിച്ചുപറയുന്ന ദൃശ്യങ്ങളെല്ലാം ഞെട്ടിപ്പിക്കുന്നതാണ്. ഇതിൽ വൈകല്യത്തെ തോൽപിച്ച് ബാല്യം മുതൽ ഇവിടത്തെ വെള്ളത്തിൽ നീന്തുന്ന ലിംക ബുക്ക് ഓഫ് റെക്കോഡ് നേടിയ കുട്ടനാടിൻെറ ഓരത്ത് താമസിക്കുന്ന ബാബുരാജിൻെറ അനുഭവ വിവരണം കേട്ടാൽ ആശ്ചര്യപ്പെടും. നീന്തൽവേളകളിൽ അടിത്തട്ടിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ വാരിയെടുക്കും. പിന്നീടതൊരു ശീലമായി. ലഭിക്കുന്ന മാലിന്യങ്ങൾ ചാക്കിൽ നിറച്ചുവെച്ചപ്പോൾ അത് അദ്ദേഹത്തിൻെറ ചെറിയ വീട്ടുപരിസരത്തിന് താങ്ങാവുന്നതിലപ്പുറമായി. ആലപ്പുഴയുടെ വിനോദസഞ്ചാര വികസനം മുന്നോട്ട് നീങ്ങി അതിൽ ലാഭം മാത്രം കണ്ടപ്പോൾ മറുവശത്ത് വേന്പനാട് കായലിനും കൃഷിചെയ്യുന്ന കരകൾക്കും സംഭവിച്ച ദുരന്തങ്ങൾ അക്കമിട്ട് നിരത്തുന്നു. കുട്ടനാട്ടിൽ കണ്ടിരുന്ന 51 ഇനം മത്സ്യങ്ങൾ ഇപ്പോൾ കാണാനില്ലെന്ന് ചിത്രം പറയുന്നു. കൃഷിക്കായി ജലത്തിൽ പരത്തുന്ന വലിയ വിഷം മനുഷ്യന് രോഗത്തിനും മത്സ്യങ്ങൾക്ക് വംശനാശത്തിനും കാരണമാകുന്നു. അത്രക്കുണ്ട് മാലിന്യ വാഹിനിയെന്ന കുട്ടനാടിൻെറ ദുരന്ത കാഴ്ച. വേന്പനാട് കായലിൻെറ ആസ്വാദന സഞ്ചാര നൗക അഥവാ വഞ്ചി വീടിൻെറ നിർമാണംതന്നെ മാലിന്യം സ്പോൺസർ ചെയ്യുന്നുവത്രേ. അങ്ങനെ മനുഷ്യന് മനസ്സിലാകുന്ന വ്യാകരണത്തിൽ കാര്യങ്ങൾ പറഞ്ഞ് ഒരു നാടിൻെറ ജീവനായി പ്രതിഷേധ സ്വരമുയർത്തുകയാണ്.

നാട്ടിലെ പ്രതിഷേധങ്ങൾക്കിടയിൽ പോർചുഗൽ അന്താരാഷ്ട്ര ജൈവ വൈവിധ്യ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ജർമനിയിലെ ഗോൾഡൻ ട്രീ ഡോക്യുമെൻററി ഫെസ്റ്റിവൽ അടക്കം 13 രാജ്യാന്തര ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ച് നിരവധി പുരസ്കാരങ്ങളും നേടി.

നാട്ടിലെ വിരട്ടലിനും അക്രമങ്ങൾക്കും സംവിധായകൻ പൊലീസിൽ പരാതി നൽകി. ഇതുവഴി, വെളിച്ചം തുടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ മലയാളത്തിന് സമ്മാനിച്ച അനി മങ്ക് ആണ് ടൂറിസം കലാമിറ്റിയെന്ന ഡോക്യുമെൻററിയുടെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത്. ജിതിൻ ചെറിയാൻ, മുംതാസ് എന്നിവർ പകർത്തിയ ദൃശ്യങ്ങളാണ് കഥ പറയുന്നത്, കുട്ടനാടിൻെറ താളമായ വഞ്ചിപ്പാട്ടിൻെറ അകന്പടിയോടെ...